# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# വിജയപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.12/1896/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിജയപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.12/1896/2023 തീയ്യതി: 23/12/2023

## കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ

രഞ്ജിത് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി റ്റി സോമൻകുട്ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീകാന്ത് റ്റി ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമ്യ എൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-10-2022 |
| രശ്മി എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-10-2022 | 31-03-2023 |
| വിനു മാത്യൂസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. അച്ചു തോമസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-05-2022 |
| ഡോ. വിനു പ്രസാദ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-06-2022 | 31-03-2023 |
| ഡോ. ഇ എൻ അരുൺകുമാർ | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2022 | 08-05-2022 |
| ഡോ. മഞ്ജു പുരുഷോത്തമൻ | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | 09-05-2022 | 05-03-2023 |
| ഡോ. അമൃത എസ് | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | 06-03-2023 | 31-03-2023 |
| ഡോ. ജയരാജ് എൻ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി | 01-04-2022 | 31-08-2022 |
| ഡോ. ജ്യോതി ജെ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി | 01-09-2022 | 31-03-2023 |
| ഡോ. സോജ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ദീപ എസ് | കൃഷി ഓഫീസർ | 01-04-2022 | 26-08-2022 |
| അനുമോൾ ജെ | കൃഷി ഓഫീസർ | 27-08-2022 | 31-03-2023 |
| രതീഷ് പി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശില്പമോൾ പി എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| രമ്യാ നാരായണൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ബിന്ദു ബി നായർ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതായ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-9 |
| 11 | KSEB-യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | ഗുണഭോക്തൃ വിഹിതം ചെലവ് പഞ്ചായത്ത് ഫണ്ടിലെ തുകയിൽ അധികരിച്ചു | 1-1-11 |
| 13 | പഞ്ചായത്ത് ക്ഷേമ പെൻഷൻ നൽകിയത് ചെലവായി അക്കൗണ്ട് ചെയ്തില്ല | 1-1-12 |
| 14 | Prior Period Expenses-ന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-13 |
| 15 | മുൻകൂർ തുക വരവ് നെഗറ്റീവായി പ്രതിഫലിക്കുന്നു | 1-1-14 |
| 16 | ജനപ്രതിനിധികളുടെ മാർച്ച്-2023 മാസത്തെ ഹോണറേറിയം അക്രൂവൽ അടിസ്ഥാനത്തിൽ ചെലവായി ക്രമീകരിച്ചില്ല | 1-1-15 |
| 17 | നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല | 1-1-16 |
| 18 | ശരിയായ ശീർഷകത്തിൽ ചെലവുകൾ അക്രൂവൽ എൻട്രിയായി ചേർത്തില്ല | 1-1-17 |
| 19 | ബജറ്റ്-വിശകലനം | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 23 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ഓൺലൈൻ രസീത് വരവുകൾ–IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 29 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക നിലനിൽക്കുന്നു | 1-12 |
| 30 | കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയതിൽ അപാകത | 1-13 |
| 31 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-14 |
| 32 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-15 |
| 33 | പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു | 1-16 |
| 34 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു | 1-18 |

| | | |
|---|---|---|
| 36 | ഒപ്റ്റിക് ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തിയില്ല - പഞ്ചായത്ത് ഫണ്ടടിന് നഷ്ടം | 1-19 |
| 37 | ലൈബ്രറി സെസ്സ് ഒടുക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-20 |
| 38 | മീനന്തറ ടൂറിസം -പാർക്ക് പ്രവേശന ഫീ ഇനത്തിൽ ഈടാക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല | 1-21 |
| 39 | ഒരേ ടാക്സ് ഇൻവോയിസ് പ്രകാരം രണ്ട് തവണ തുക നൽകിയിരിക്കുന്നു | 1-22 |
| 40 | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളിൽ കാലഹരണപ്പെട്ടവ മുതൽക്കൂട്ടിയില്ല | 1-23 |
| 41 | വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് ഒടുക്കൽ– ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല | 1-24 |
| 42 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയില്ല | 1-25 |
| 43 | വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-26 |
| 44 | ആയുർവേദ മെഡിക്കൽ ഓഫീസറുടെ പ്രോജക്റ്റ് നിർവ്വഹണത്തിലുള്ള ബിൽ ബുക്ക് മുഖാന്തിരം ഡിപ്പാർട്ട്മെന്റൽ ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ചു | 1-27 |
| 45 | ലൈഫ് ഭവനസമുച്ചയം - കുടിവെള്ള പദ്ധതി തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-28 |
| 46 | എസ്.സി. വകുപ്പ് വീട് മെയിന്റനൻസിന് ആനുകൂല്യം നൽകിയ ഗുണഭോക്താവിന് ധനസഹായം അനുവദിച്ചു | 1-29 |
| 47 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല | 1-30 |
| 48 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-31 |
| 49 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ–കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി | 1-32 |
| 50 | റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-33 |
| 51 | “മീനന്തറയാർ ടൂറിസം വികസന പദ്ധതി ""-മാതൃകാപ്രോജക്റ്റ് | 1-34 |
| 52 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - ലക്ഷ്യം കൈവരിയ്ക്കുന്നതിൽ കാലതാമസം | 1-35 |
| 53 | ആശ്രയ പദ്ധതി -ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 54 | വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-37 |
| 55 | കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം,നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കുന്നില്ല | 1-38 |
| 56 | ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-39 |
| 57 | നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ വർഷാരംഭ മുന്നിരിപ്പ് കണക്കാക്കിയതിൽ അപാകത | 1-40 |
| 58 | വീട് വാസയോഗ്യമാക്കൽ - SC വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചോ എന്ന് ഉറപ്പാക്കാതെ ധനസഹായം നൽകി | 1-41 |
| 59 | വീട് മെയിന്റനൻസ് പ്രോജക്ടുകൾ–അനുബന്ധ രേഖകളിലെ അപാകതകളും അവ്യക്തതകളും | 1-42 |
| 60 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-43 |
| 61 | കൊലകൊമ്പ് കുടിവെള്ള പുനരുദ്ധാരണ പദ്ധതി-ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഒരേ ടാക്സ് ഇൻവോയ്സ് പ്രകാരം രണ്ട് തവണ തുക നൽകിയിരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 05/07/2023 തീയതിയിലെ 1(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 11/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് നിർണ്ണയിക്കുന്നതിന് ഓരോ ഫണ്ടുകളുടെയും/ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ ചെലവ് വിവരം വേർതിരിച്ച് ആധികാരികമാക്കി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023ലെ ബാലൻസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നതിന് വ്യക്തതയില്ല.

### 1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-6 സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു

ആസ്തികളുടെ മൂല്യശോഷണമായി ലഭ്യമാക്കിയ കാൽക്കുലേഷൻ ഷീറ്റ് പ്രകാരം Roads And Bridges എന്ന ആസ്തിയുടെ മൂല്യം 3 കോടിയോളം രൂപയാണ്. എന്നാൽ 31/03/2023 ലെ Roads And Bridges ന്റെ സഞ്ചിത മൂല്യ ശോഷണം 3.2 കോടി രൂപയായി ആസ്തിയിൽ അധികരിച്ചു.

2022-23 വർഷം ആസ്തികളുടെ മൂല്യശോഷണമായി 89.62 ലക്ഷം രൂപ മൂല്യമാണ് ക്രമീകരിച്ചത്. 31/03/2023-ൽ സഞ്ചിത മൂല്യശോഷണം 5.16 കോടി രൂപയാണ്. B11(c,d,e) ഷെഡ്യൂളുകൾ പ്രകാരം 7.75 കോടി രൂപയാണ് സുസ്ഥിര ആസ്തിമൂല്യം. ചില ആസ്തികളുടെ മൂല്യശോഷണം പൂർത്തിയായ ശേഷവും ആസ്തി മുന്നിരിപ്പിന്റെ നിശ്ചിത ശതമാനം വീണ്ടും മൂല്യ ശോഷണമായി അക്കൗണ്ട് ചെയ്തുപോരുന്നത് മൂലമാണ് ആകെ ആസ്തിയുടെ ഏകദേശം 70% മൂല്യശോഷണമായി പ്രതിഫലിക്കുന്നത്. ഇപ്രകാരം യുക്തിസഹമല്ലാത്ത വിധത്തിൽ മൂല്യശോഷണത്തിന് പ്രൊവിഷൻ നൽകുന്ന നടപടി അടിസ്ഥാന അക്കൗണ്ടിങ് തത്വങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന

Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതും ഇത് സംബന്ധമായ ബാധ്യതാ കണക്കുകളുടെ ആധികാരികത ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്.

**1-1-8 തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്കൗണ്ട് ചെയ്തില്ല**

അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതായ തൊഴിൽ നികുതി (സ്ഥാപനം/ട്രേഡർ /പ്രൊഫഷണൽ) എന്നിവയുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസ് ഇല്ലാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്. വിവിധ സ്ലാബുകളിൽ 10-ന്റെ ഗുണിതങ്ങളായി നിശ്ചയിക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് 10 ന്റെ ഗുണിതമല്ലാത്ത തുകകളായി കണക്കാക്കി പ്രസ്തുത തുകകളാണ് ഡിമാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നത്.

**1-1-9 അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതായ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല**

അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതായ വരവുകൾ 2022-23 വർഷത്തേക്ക് മുൻകൂറായി ലഭിച്ചിരുന്നത് തൻവർഷം ക്രമീകരിച്ചത് ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ പോസ്റ്റ് ചെയ്ത് കൃത്യത വ്യക്തമാക്കിയിട്ടില്ല. മുൻകൂർ വരുമാനം ലഭിച്ചതിന്റെ ക്രമീകരണം ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.

**1-1-10 KSEB-യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

പ്രോജക്ട് നം.282/23 പ്രകാരം KSEB-യിൽ നിക്ഷേപിച്ച 60,023/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ടി തുക തൻവർഷം തന്നെ ക്രമീകരിച്ചതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. മുൻകൂർ നൽകുന്ന തുക കൃത്യമായ നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നതിനും ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**1-1-11 ഗുണഭോക്തൃ വിഹിതം ചെലവ് പഞ്ചായത്ത് ഫണ്ടിലെ തുകയിൽ അധികരിച്ചു**

ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവ് പത്രിക പ്രകാരം വാർഷിക പദ്ധതിയിൽ 470,600/- രൂപയാണ് ചെലവ്. എന്നാൽ ഗുണഭോക്തൃവിഹിതമിനത്തിൽ മുന്നിരിപ്പും തൻവർഷം ലഭിച്ചതും ഉൾപ്പെടെ 467,801/- രൂപയാണുണ്ടായിരുന്നത്. പഞ്ചായത്ത് ഫണ്ടിലുണ്ടായിരുന്ന ഗുണഭോക്തൃ വിഹിതത്തിൽ അധികരിച്ച് 2,799/- രൂപയുടെ ചെലവ് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

**1-1-12 പഞ്ചായത്ത് ക്ഷേമ പെൻഷൻ നൽകിയത് ചെലവായി അക്കൗണ്ട് ചെയ്തില്ല**

വാർദ്ധക്യ കാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ ചെലവായി(Expendituere) അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ ടി ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

**1-1-13 Prior Period Expenses-ന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-18 ഷെഡ്യൂൾ പ്രകാരം Prior Period Expenditure ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത Notes On Account മുഖേന സെക്രട്ടറി ലഭ്യമാക്കിയിട്ടില്ല.

**1-1-14 മുൻകൂർ തുക വരവ് നെഗറ്റീവായി പ്രതിഫലിക്കുന്നു**

റസീപ്റ്റ് & പേമെന്റ് പത്രിക RP-49 വരവ് ഭാഗത്ത് Other Advance തുക ഋണ സംഖ്യയായി കാണുന്നു. വരവ് തുക ഋണസംഖ്യ ആയതിന്റെ ആധികാരികത വ്യക്തമല്ല.

### 1-1-15 ജനപ്രതിനിധികളുടെ മാർച്ച്-2023 മാസത്തെ ഹോണറേറിയം അക്രൂവൽ അടിസ്ഥാനത്തിൽ ചെലവായി ക്രമീകരിച്ചില്ല

ജനപ്രതിനിധികളുടെ മാർച്ച്-2023 ലെ ഹോണറേറിയവും അലവൻസും തൻവർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനം അക്രൂവൽ എൻട്രിയിലൂടെ Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

### 1-1-16 നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല

ഗുണഭോക്താവ് പ്രോജക്ടുകൾക്ക് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം ചെലവ് അക്കൗണ്ട് ചെയ്യുന്നില്ല. നേരിട്ടുള്ള ഗുണഭോക്തൃ വിഹിതം വരവ് ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടേണ്ടതായിരുന്നു.

### 1-1-17 ശരിയായ ശീർഷകത്തിൽ ചെലവുകൾ അക്രൂവൽ എൻട്രിയായി ചേർത്തില്ല

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 4.42 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് താഴെപറയുന്ന പ്രകാരം ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്തായിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ15.03.2022ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 16.02.2023 -ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ കൂടുതൽ അന്തരമില്ല.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 4,57,93,701 | 5,27,18,164 |
| വരവ് | 28,69,58,000 | 23,37,23,000 |
| ആകെ | 33,27,51,701 | 28,64,41,164 |
| ചെലവ് | 31,88,22,000 | 23,92,05,000 |
| നീക്കിയിരിപ്പ് | 1,39,29,701 | 4,72,36,164 |

ബജറ്റ് പ്രകാരം 23.37കോടി രൂപ വരവും 23.92 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 11.78കോടി രൂപയും ചെലവ് 12.05കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷമുള്ള വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 44,792,377/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 54,354,782/- |
| ആകെ | 99,147,159/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 59,824,517/- |
| നീക്കിയിരിപ്പ് (31/03/2023) | 39,322,642/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 117,884,635/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 120,576,948/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 2,692,313/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -(88,237/-) |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 2,604,076/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 14,986/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,124,094/- |

## 1-4 ഗ്രാന്റ് വിനിയോഗം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18026000 | 18026000 | 17411386 | 614614 | 96.59 |
| വികസന ഫണ്ട്-SCP | 0 | 5960000 | #5960000 | 5252471 | 707529 | 88.13 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 98097 | 3337997 | **@3436070** | 3096568 | 339502 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 729676 | 7411577 | *8141253 | 6442377 | 1698876 | |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 11607000 | 11607000 | 9272933 | 2334067 | 79.89 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5605000 | 5605000 | 3383765 | 2221235 | 60.37 |
| NHM ഫണ്ട് | 0 | 209200 | 209200 | 206447 | 2753 | - |
| NRHM ഫണ്ട് | 0 | 111570 | 111570 | 110000 | 1570 | - |
| Flood Relief Grant | 87507 | 0 | 87507 | 87507 | 0 | - |
| ഐ.സി.ഡി.എസ്. | 1959425 | 1025712 | 2985137 | 444757 | 2540380 | - |
| സാക്ഷരത ഫണ്ട് | 50000 | 651 | 50651 | 50000 | 651 | - |
| ശുചിത്വമിഷൻ | 1393855 | 0 | 1393855 | 955800 | 438055 | - |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 831519 | 0 | 831519 | 831519 | 0 | - |

@ ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-മുന്നിരിപ്പ് 98097 പലിശ (98514 ട്രഷറി വരവ് (172459), ബാങ്കിലെ വരവ് (1533500+1533500) എന്നിവ ഉൾപ്പെടെ ആണ്. 242405 രൂപ ബാങ്കിൽ അവശേഷിയ്ക്കുന്നു.

*ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ് (729676), ബാങ്കിലെ വരവ് (2300500+2300500) ട്രഷറി വരവ് (2810577) എന്നിവ ഉൾപ്പെടെ ആണ്. 1270751 രൂപ ബാങ്കിൽ ശേഷിയ്ക്കുന്നു.

# വികസന ഫണ്ട് എസ്.സി.പി യിൽ നിന്നും 41489 രൂപ ജി.ഒ പ്രോജക്ട് ആയി (ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ) കുറവു ചെയ്തത് ചെലവു പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക

പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06.03.2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ചു | 20.01.2022 |
| ആസൂത്രണസമിതിയോഗം | 24.01.2022-11.05.2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 17.05.2022 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 25.05.2022- |
| ഊരുകൂട്ടയോഗം | 23.05.2022 |
| വികസനസെമിനാർ | 28.05.2022 |
| വികലാംഗഗ്രാമസഭ | 23.05.2022 |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 31.05.2022 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 4268528 | 2614398 | 61 |
| വെറ്ററിനറി സർജൻ | 11 | 11 | 1387498 | 1074998 | 77 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 11 | 11 | 3020023 | 2801577 | 93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 289576 | 269576 | 93 |
| വി.ഇ.ഒ I | 16 | 16 | 31546700 | 10112700 | 32 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 6 | 5 | 5541045 | 4018655 | 73 |
| സെക്രട്ടറി | 55 | 29 | 44880473 | 15756802 | 35 |
| ഹെഡ്മാസ്റ്റർ | 9 | 8 | 1293414 | 897881 | 70 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 162 | 101 | 55524280 | 29059630 | 52 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 587232 | 587232 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 5151933 | 3752119 | 73 |
| ആകെ | 300 | 208 | 153750702 | 71145568 | 47 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 12 നിർവ്വഹണോദ്യോഗസ്ഥരാണ്. 153750702 രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 71145568 രൂപയാണ് ചെലവഴിക്കാനായത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 162 പ്രോജക്ടുകളിൽ 101 എണ്ണം

മാത്രമാണ് പൂർത്തിയാക്കി തൻവർഷം ബില്ല് മാറിയത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രോജക്ടുകൾക്കായി 2.9കോടി രൂപ ചെലവഴിച്ചു. ***(അനുവദിച്ച റോഡ് ഫണ്ടിൽ 23.34ലക്ഷം ലാപ്സായി).*** എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായ പിന്തുണാ സംവിധാനമായി പ്രവർത്തിക്കേണ്ടതും കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിച്ചു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും പദ്ധതി ആസൂത്രണ/രൂപീകരണ ഘട്ടത്തിൽ ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതുണ്ട്. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതാണ് പതിനാലാം പദ്ധതിയുടെ പൊതു സമീപനം എന്ന് പദ്ധതി മാർഗ്ഗരേഖയിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃത്തിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ശുചിത്വമേറിയതും മാലിന്യമുക്തവുമായ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സാർവ്വ ദേശീയ സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻഗണന നൽകേണ്ടതുണ്ട്.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും 14-ാം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും 14-ാം പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകൾ പൊതുവെ വിലയിരുത്തിയതിൽ പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അനുഗുണമായിരുന്നില്ലെന്ന് കാണുന്നു.

ടേക്ക് എ ബ്രേക്ക്, ആധുനിക വാതക ശ്മശാനം, വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം എന്നീ പ്രോജക്ടുകൾ ഏറെക്കുറെ പൂർത്തീകരണഘട്ടത്തിൽ എത്തിയെങ്കിലും പ്രവർത്തനക്ഷമമാക്കി ലക്ഷ്യം കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിലെ വിവിധ

ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ ഫയൽ മാനേജ്മെന്റിലും ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു. ആവശ്യമായ അനുബന്ധ രേഖകൾ പ്രോജക്ട് ഫയലുകളിൽ ചിട്ടപ്പെടുത്തി സൂക്ഷിക്കുന്നതിൽ ചില നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ലയെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്ട് വിശദാംശങ്ങൾ കൈമാറിയിതന് ശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദ്ദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവഹണം, ഫലപ്രാപ്തി എന്നിവ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 58.77**ലക്ഷം** രൂപ ലാപ്സായിട്ടുണ്ട്.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 18026000 | 17411386 | 614614 |
| വികസന ഫണ്ട്-എസ്.സി.പി. | 5960000 | 5252471 | 707529 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 11607000 | 9272933 | 2334067 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5605000 | 3383765 | 2221235 |
| | | | **58,77,445** |

വിനിയോഗത്തിൽ 80%ൽ കുറവ് വന്ന തുകകൾ ഷോർട്ട്ഫോൾ ആയി കണക്കാക്കപ്പെടുന്നതിനാൽ ആത്യന്തികമായി നഷ്ടമാവുന്നു. തുടർ വർഷങ്ങളിലെ വിനിയോഗ ശതമാനം കുറയുന്നപക്ഷം തൻവർഷം ലാപ്സായ മുഴുവൻ തുകയും നഷ്ടമാവുകയും ചെയ്യും. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുത്തുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്.

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 553 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 19 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 541 കുടുബങ്ങൾക്ക് 32870 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 180 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 32870 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 171 അയൽകൂട്ടങ്ങളിൽ 171 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കിയുള്ള പ്രവൃത്തികളും ജലസംരക്ഷണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 34912 | |
| വരവ് | EFMS വരവ് | 13384479.00 | 13390391.00 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 5912 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 10201710 | 13422799 |

| | | |
|---|---|---|
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 73961 |
| | ഉപകരണങ്ങളുടെ വില, വാടക | 2327128 |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 820000 |
| | നീക്കിയിരുപ്പ് | 2504 |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 16,80,073 രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4320 | 3 |
| വാർദ്ധക്യകാലപെൻഷൻ | 54028800 | 2814 |
| കർഷകതൊഴിലാളി പെൻഷൻ | 4147200 | 184 |
| വിധവാപെൻഷൻ | 18720000 | 975 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 1094400 | 57 |
| വികലാംഗപെൻഷൻ | 6048000 | 315 |
| വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2023 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39695/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. പഞ്ചായത്തിലെ നികുതി/നികുതിയേതര ഇനങ്ങളുടെ സമാഹരണത്തിൽ വേണ്ടത്ര കാര്യക്ഷമത പുലർത്തിയിട്ടില്ല. ശരിയായ ഫീൽഡ് പരിശോധന കൂടാതെയുള്ള വസ്തുനികുതി അസസ്മെന്റ് മൂലം ഒരേ മേഖലയിൽ തന്നെ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ അസസ്മെന്റിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തനതുഫണ്ട്

ചെലവഴിക്കുന്നതിൽ സാമ്പത്തിക അച്ചടക്കം (Financial Propriety) പാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/22 | 2022-23 | 19.09.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി. (എച്ച്.ക്യൂ) 118A-2435/38 തീ 31.5.16 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 36842699627 നം. എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേയ്മെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പെടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും ഒത്തുനോക്കി ബോധ്യപ്പെടുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/10.11.2023) സംസ്ഥാനമൊട്ടാകെയുള്ള പ്രശ്നമായതിനാൽ ടി വിഷയത്തിൽ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുവാൻ ജില്ലാ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ഭാഗമായ തുക മറ്റൊരു അക്കൗണ്ടിൽ ദിവസങ്ങളോളം കിടക്കുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | I/79 | ബി എസ് എൻ എൽ | 2021-22 രണ്ടാം അർദ്ധവർഷം, 2022-23 ഒന്നാം അർദ്ധവർഷം, 2022-23 രണ്ടാം | 12151 |

| | | | | |
|---|---|---|---|---|
| | | | അർദ്ധവർഷം | |
| 2 | VII/ 492 E | ബി എസ് എൻ എൽ | 2021-22 രണ്ടാം അർദ്ധവർഷം, 2022-23 ഒന്നാം അർദ്ധവർഷം, 2022-23 രണ്ടാം അർദ്ധവർഷം | 15485 |
| 3 | IX/ 175 | ഇൻഡസ് ടവേഴ്സ് | 2021-22 ഒന്നാം അർദ്ധവർഷം, 2021-22 രണ്ടാം അർദ്ധവർഷം, 2022-23 ഒന്നാം അർദ്ധവർഷം, 2022-23 രണ്ടാം അർദ്ധവർഷം | 99002 |
| 4 | X/ 146 | ബി എസ് എൻ എൽ | 2021-22 രണ്ടാം അർദ്ധവർഷം, 2022-23 ഒന്നാം അർദ്ധവർഷം, 2022-23 രണ്ടാം അർദ്ധവർഷം | 19811 |
| 5 | XV/ 81 A | ഇൻഡ്യ ടെലികോം ഇൻഫ്ര ലിമിറ്റഡ് | 2021-22 ഒന്നാം അർദ്ധവർഷം, 2021-22 രണ്ടാം അർദ്ധവർഷം, 2022-23 ഒന്നാം അർദ്ധവർഷം, 2022-23 രണ്ടാം അർദ്ധവർഷം | 34560 |
| 6 | XV/ 102 A | ബി എസ് എൻ എൽ | 2022-23 ഒന്നാം അർദ്ധവർഷം, 2022-23 രണ്ടാം അർദ്ധവർഷം | 12781 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/10.11.2023) ക്രമ നം. 1, 2, 4, 6 എന്നിവയുടെ നികുതി ഈടാക്കുന്നതിന് ഓൺലൈൻ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നം. 3, 5 എന്നിവയുടെ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നതാകയാൽ കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമപരമായി സ്വീകരിക്കാവുന്ന അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-13 കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയതിൽ അപാകത**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് എ മുതൽ ജെ വരെയുള്ള ഉപയോഗക്രമത്തിൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളെയും ഭൂമികളെയും 200-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന നികുതിയിലോ

ഉപനികുതിയിലോ കരത്തിലോ നിന്ന് ഒഴിവാക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഇളവിന്റെ പരിധിയിൽ ഉൾപ്പെടാത്ത വിജയപുരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | II/188 | ഭഗത് സിംഗ് യൂത്ത് ക്ലബ് | 20 ച. മീ. |
| 2 | VI/507 | പ്രിയദർശിനി വനിതാ സമാജം | 32.9 ച. മീ. |
| 3 | VI/508 | പ്രിയദർശിനി വനിതാ സമാജം | 34.44 ച. മീ. |
| 4 | XVI/131 | സമഗ്ര ഗ്രാമവികസനം ബാലവാടി | 60 ച. മീ. |
| 5 | XVII/239 | സാംസ്കാരിക നിലയം | 12 ച. മീ. |

മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/10.11.2023) ടി കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളെ ചട്ടപ്രകാരമല്ലാതെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് പരിശോധിച്ച് ഇളവ് നൽകാനാവാത്ത കെട്ടിടങ്ങളെ വസ്തു നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/56 A | നിജോമോൻ | വട്ടമൂട് കടവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 2 | I/ 76 A | അലക്സ് പി ജെ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

| | | | | |
|---|---|---|---|---|
| 3 | I/169 A | സുധീഷ് ആർ | അയ്യനത്തുപുഴ – വട്ടമൂട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | II/180 A | ജോസ് കെ എൽ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 5 | II/ 219 B | രഞ്ജൻ കെ ആർ | കൊശമറ്റം കോളനി റോഡ് | 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ് |
| 6 | II/ 220 A | മിനി സെബാസ്റ്റ്യൻ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 7 | VI/ 383 B | സാബു പി പി | തുരുത്തേൽ കവല – പൂവത്തുംമൂട് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 8 | VI/ 383 A | രശ്മി വി ഡി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 9 | VIII/ 49 C | ബിന്ദുറാണി പി | കളത്തിപ്പടി ആനത്താനം റബർ ബോർഡ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 10 | VIII/ 49 B | സക്കറിയ തോമസ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/10.11.2023) മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി വ്യത്യസ്ത വർഷങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണെന്നും ഫീൽഡ്തല പരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിൽ ഇപ്രകാരം ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് നികുതി പുന:നിർണ്ണയിച്ച് നൽകേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1–15 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10% നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20% നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | മേഖല |
|---|---|---|---|
| രശ്മി വി ഡി | IV/ 383 A | ഇതര വ്യവസായം | പ്രഥമം |
| | IV/ 383 C | പാർപ്പിടാവശ്യം | ദ്വിതീയം |
| ജോസഫ് വർഗ്ഗീസ് | VI/ 566 E | പാർപ്പിടാവശ്യം | പ്രഥമം |
| | VI/ 566 B | പാർപ്പിടാവശ്യം | ദ്വിതീയം |
| ഷിബു തോമസ് | IX/ 108 C | പാർപ്പിടാവശ്യം | പ്രഥമം |

| | | | |
|---|---|---|---|
| | IX/ 108 D | പാർപ്പിടാവശ്യം | ദ്വിതീയം |
| ഷീബ വിജയകുമാർ | IX/ 337 B | പാർപ്പിടാവശ്യം | ദ്വിതീയം |
| | IX/ 337 D | പാർപ്പിടാവശ്യം | പ്രഥമം |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/10.11.2023) ഫീൽഡ് തല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശരിയായ ഫീൽഡ് പരിശോധന നടത്തി ഇത്തരം പൊരുത്തക്കേടുകൾ ഒഴിവാക്കേണ്ടതാണ്. വസ്തു നികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം |
|---|---|---|---|
| 1 | XV/5 | നവീൻ ഫിലിപ്പ് | ഓട്ടോമൊബൈൽ റിപ്പയറിംഗ് |
| 2 | XIX/81 | അബി കെ വർഗ്ഗീസ് | ഉച്ചഭാഷിണികൾ, അലങ്കാര ലൈറ്റുകൾ വാടകയ്ക്ക് |

ഇപ്രകാരം പാർപ്പിടാവശ്യത്തിനായി കുറഞ്ഞ നിരക്കിൽ (ച.മീറ്ററിന് 6 രൂപ നിരക്ക്) നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി (ച.മീറ്ററിന് 40 രൂപ നിരക്ക്) ഉപയോഗിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/10.11.2023) പരിശോധന നടത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21'ൽ അനുശാസിച്ചിട്ടുള്ള പ്രകാരം ഫലപ്രദമായ രീതിയിലുള്ള "Post Occupancy Audit" നടത്തി ഇപ്രകാരമുള്ള ഉപയോഗക്രമ മാറ്റം കണ്ടെത്താവുന്നതാണ്. ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ച് പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി ഐ ഫണ്ട്സ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | 1, 2 |
| 2 | ഇൻഡസ് ഇൻഡ് ബാങ്ക് | 1, 2 |
| 3 | എസ് ബി ഐ, മാങ്ങാനം | 1, 2 |
| 4 | തിരുവഞ്ചൂർ സർവ്വീസ് സഹകരണ | 1, 2 |

| | | |
|---|---|---|
| | ബാങ്ക് | |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/13.11.2023) രേഖകൾ പരിശോധിച്ച് നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു**

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1)എ(ii) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി താഴെപ്പറയുംപ്രകാരം കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് / സ്ഥാപനം | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | രാഹുൽ രാജ് ഇൻഡസ് ഇൻഡ് ബാങ്ക് | I | 126000 | 1250 | 180 | 1070 |
| 2 | ശ്യാംകുമാർ വി എസ് ഇൻഡസ് ഇൻഡ് ബാങ്ക് | I | 101484 | 1000 | 300 | 700 |
| 3 | ശ്രീക്കുട്ടി സാബു ഇൻഡസ് ഇൻഡ് ബാങ്ക് | I | 77026 | 750 | 450 | 300 |
| 4 | ധന്യ ജി കാത്തലിക് സിറിയൻ ബാങ്ക് | I | 626532 | 1250 | 1040 | 210 |
| 5 | ലിബിൻ പി മാത്യു കാത്തലിക് സിറിയൻ ബാങ്ക് | I | 311688 | 1250 | 1040 | 210 |
| 6 | മറിയം സ്റ്റെഫിന പുന്നൂസ് കാത്തലിക് സിറിയൻ ബാങ്ക് | I | 311688 | 1250 | 1040 | 210 |
| 7 | ടോണി കെ | I | 109104 | 1000 | 208 | 792 |

| | | | | | | |
|---|---|---|---|---|---|---|
| | തോമസ് കാത്തലിക് സിറിയൻ ബാങ്ക് | | | | | |
| 8 | ടോണി കെ ജോയി അനർട്ട് | I | 60000 | 600 | 450 | 150 |

തൊഴിൽ നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/29.11.2023) പരിശോധന നടത്തി തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കാതെയാണ് തൊഴിൽ നികുതി സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ സെക്ഷൻ/മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിരിക്കുന്നു. തൊഴിൽ നികുതി സ്ലാബിന് അനുസൃതമായി നിർണ്ണയിച്ചിട്ടുള്ള നിരക്കിൽ ഉൾപ്പെടാത്ത 1040/- രൂപ, 280/- രൂപ എന്നീ തുകകൾ തൊഴിൽ നികുതി ഇനത്തിൽ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ലഭ്യമാകുന്ന സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് നികുതി സ്വീകരിക്കേണ്ടതുമാണ്.

**1-19 ഒപ്ടിക് ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തിയില്ല - പഞ്ചായത്ത് ഫണ്ടടിന് നഷ്ടം**

വിജയപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2021-22 സാമ്പത്തിക വർഷം 461 ഒ.എഫ്.സി പോളുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിന്റെയും (ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 455 പോളുകൾ + ടെലി സോണിക് നെറ്റ് വർക്ക് എന്ന സ്ഥാപനം 6 പോളുകൾ) അവയുടെ വാർഷിക വാടകയിനത്തിൽ 165960 രൂപ (ഒ.എഫ്.സി പോൾ ഒന്നിന് 360 രൂപ നിരക്കിൽ) ഐ.എൽ.ജി.എം.എസ്-ൽ ഒടുക്കിയതിന്റെയും വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്ടിക് ഫൈബർ കേബിൾ പോളുകൾ സ്ഥാപിക്കൽ, വാടക നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച പബ്ലിക് വർക് ഡിപ്പാർട്ട്മെന്റിന്റെ 23.01.20 തീയതിയിലെ ജി.ഒ(ആർ.ടി) നം. 89/2020/PWD നമ്പർ ഉത്തരവ് പ്രകാരം സ്ഥാപിക്കപ്പെട്ട ഒ.എഫ്.സി പോളുകളുടെ ആദ്യ വർഷത്തെ വാടക പോൾ ഒന്നിന് 360 രൂപ നിരക്കിലാണെങ്കിലും തുടർന്നുള്ള വർഷങ്ങളിലെ വാടകയിൽ 5% വീതം വർദ്ധനവ് വരുത്തേണ്ടതാണ്. ആയതിനാൽ 2022-23 സാമ്പത്തിക വർഷം ഒപ്ടിക് ഫൈബർ കേബിൾ പോളുകളുടെ വാടക 378 രൂപയായി പുതുക്കി നിശ്ചയിക്കേണ്ടതും ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് 171990 രൂപയും (455x378= 171990) ടെലി സോണിക് നെറ്റ് വർക്കിൽ നിന്ന് 2268 രൂപയും (6x378= 2268) ഒ.എഫ്.സി പോളുകളുടെ വാർഷിക വാടകയിനത്തിൽ ഈടാക്കേണ്ടതുമായിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഒപ്ടിക് ഫൈബർ കേബിൾ പോളുകളുടെ വാടകയിനത്തിൽ 174258 രൂപ (171990+2268= 174258) നഷ്ടം സംഭവിച്ചതായി കാണുന്നു. കൂടാതെ പ്രസ്തുത വാടക സംബന്ധിച്ച് പരാമർശിത സ്ഥാപനങ്ങളുമായി കരാർ ചമച്ചതായി കാണുന്നില്ല. മാത്രമല്ല ടി വാടക ഡിമാന്റ് ചെയ്യുകയോ ഇതു സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/13-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഒ.എഫ്.സി പോളുകളുടെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-20 ലൈബ്രറി സെസ്സ് ഒടുക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല**

2021-22 സാമ്പത്തിക വർഷത്തെ ലൈബ്രറി സെസ്സ് ഒടുക്കുന്നതിനായി 22.02.23 തീയതിയിലെ 2201138 നമ്പർ വൗച്ചർ പ്രകാരം 600231 രൂപ പിൻവലിച്ചതായി സ്ഥാപനത്തിന്റെ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക അടവാക്കേണ്ടത് സംബന്ധിച്ച സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഡിമാന്റ് നോട്ടീസ്, തുക കൈമാറിയതിന്റെ വിശദാംശങ്ങൾ, തുക ലഭിച്ചതായുള്ള കൈപ്പറ്റ് രസീത്

എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/10.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 600231 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-21 മീനന്തറ ടൂറിസം -പാർക്ക് പ്രവേശന ഫീ ഇനത്തിൽ ഈടാക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല**

മീനന്തറ ടൂറിസത്തിന്റെ ഭാഗമായി കുട്ടികളുടെ പാർക്കിലേയ്ക്ക് വരുന്നവരിൽ നിന്നും അഞ്ചു രൂപ നിരക്കിൽ പാസ് ഫീ ആയി ഈടാക്കിവരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 26.05.2023ലെ 1/7-ാം നമ്പർ തീരുമാനപ്രകാരം കുടുംബശ്രീയ്ക്കാണ് പാർക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫീസ് പിരിവ് ഉൾപ്പെടെയുള്ള ചുമതലകൾ നൽകിയിട്ടുള്ളത്. 19.06.2023 മുതലാണ് മീനന്തറയാർ ടൂറിസം പാർക്കിലേയ്ക്ക് പ്രവേശന അനുമതി നൽകി തുടങ്ങിയത്. കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട് ശുചീകരണത്തിനും മേൽനോട്ടത്തിനുമായി 6000/- രൂപ വേതനം നൽകി കുടുംബശ്രീയിൽ നിന്നും ആളിനെ നിയമിക്കുന്നതിനും തീരുമാനിച്ചു. 19.06.2023 മുതൽ 09.11.2023 വരെ രസീത് ബുക്ക് നമ്പർ 1 പ്രകാരം 1001 മുതൽ 1006 വരെയുള്ള രസീതുകൾ മുഖാന്തിരം 9470 രൂപ പ്രവേശന ഫീസ് ഇനത്തിൽ കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക നാളിതുവരെ ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റ് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. ഓരോ ദിവസം കളക്ട് ചെയ്യുന്ന തുക അതാത് ദിവസം തന്നെ അടവാക്കണമെന്നിരിക്കെ നാളിതുവരെ ടി തുക അടവാക്കിയിട്ടില്ല. ടി അപാകത സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17/10.11.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അടിയന്തിരമായി പാർക്ക് ഫീ ഇനത്തിൽ ഈടാക്കുന്ന തുക അതാത് ദിവസം തന്നെ രസീതുബുക്കുകൾ കൈപ്പറ്റിയ ജീവനക്കാരൻ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 ഒരേ ടാക്സ് ഇൻവോയിസ് പ്രകാരം രണ്ട് തവണ തുക നൽകിയിരിക്കുന്നു**

പി.എച്ച്.സി പാറാമ്പുഴയിലെ ഇൻവേർട്ടർ തകരാറിലായത് നന്നാക്കുന്നതുമായി ബന്ധപ്പെട്ട ലോഡ് സെഗ്രഗേഷൻ വർക്കുകൾ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും (പഞ്ചായത്ത് കമ്മറ്റിയുടെ 24.08.22 ലെ 1(8) നമ്പർ തീരുമാന പ്രകാരം) കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എസ്.എ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (14986 രൂപ) അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതു സംബന്ധിച്ച എസ്.എ എനർജി സൊല്യൂഷന്റെ 17.10.22 തീയതിയിലെ 30 നമ്പർ ടാക്സ് ഇൻവോയ്സിന്മേൽ 14986 രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (വൗച്ചർ നം 22200925 തീയതി 03.11.22, ചെക്ക് നം 635670). എന്നാൽ തുടർന്നുള്ള വൗച്ചറുകളുടെ പരിശോധനയിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 36928702171 നമ്പർ അക്കൗണ്ടിൽ നിന്ന് 635693 നമ്പർ ചെക്ക് മുഖേന എസ്.എ എനർജി സൊല്യൂഷന്റെ 263605000537 അക്കൗണ്ടിലേക്ക് (വൗച്ചർ വിശദാംശങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) ഇതേ ടാക്സ് ഇൻവോയ്സിന്മേൽ വീണ്ടും 14986 രൂപ നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ഒരേ പ്രവൃത്തിക്ക് ഒരേ ടാക്സ് ഇൻവോയ്സ് പ്രകാരം രണ്ട് തവണ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/13-11-22) എസ്.എ എനർജി സൊല്യൂഷന് പ്രവൃത്തി പൂർത്തിയായപ്പോൾ തന്നെ തുക നൽകിയതായിരുന്നുവെന്നും മെഡിക്കൽ ഓഫീസർ കത്ത് മുഖേന വീണ്ടും ഇൻവോയിസ് സമർപ്പിച്ചതിനാലാണ് ഒരിക്കൽ കൂടി തുക നൽകിയതെന്നും അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ 14986 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വിവിധ ക്ലെയിമുകളുടെ ആധികാരികത പരിശോധിക്കാത്തതിനാലുമാണ് ഇപ്രകാരമുള്ള അപാകതകൾ സംഭവിക്കുന്നത്. ഇത്തരം അപാകത ഒഴിവാക്കേണ്ടതും അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

**1-23 പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളിൽ കാലഹരണപ്പെട്ടവ മുതൽക്കൂട്ടിയില്ല**

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 1,340,261/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നു. 2022-23 ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശത്തിൽ നിന്നും പല നിക്ഷേപങ്ങളും 2014-15 വർഷം മുതൽ ക്ലെയിം ചെയ്യപ്പെടാതെ തുടരുന്നതായി കാണുന്നു. Contractor's Retention ഇനത്തിലുള്ള 7.75 ലക്ഷത്തോളമുള്ള നിക്ഷേപത്തിൽ 2015-16 മുതലുള്ള നിക്ഷേപങ്ങളിൽ പ്രോജക്ട്/പ്രവൃത്തിയുടെ ഉദ്ദേശ്യം, പൂർത്തീകരണ തീയതി എന്നിവ മുന്നിരിപ്പ് വിശദാംശമായി രേഖപ്പെടുത്തിയിട്ടില്ല. 2020 ലെ ഇലക്ഷൻ നിക്ഷേപമായി ലഭിച്ച 99,500/- രൂപയും ക്രമീകരിക്കപ്പെടാതെ ബാധ്യതയായി തുടരുന്നുണ്ട്. കൃത്യമായ പ്രോജക്ട് പൂർത്തീകരണ വിരങ്ങളുണ്ടെങ്കിൽ പ്രോജക്ട് പൂർത്തീകരണ തീയതിക്ക് ശേഷം 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത നിക്ഷേപങ്ങൾ വാടക നിക്ഷേപം ഒഴികെയുള്ളവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു. എന്നാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ പ്രോജക്ട് പൂർത്തീകരണ തീയതി ഉൾപ്പെടെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാവുന്ന സാഹചര്യത്തിലും 31/03/2023-ൽ 13.4 ലക്ഷത്തിലധികം ബാധ്യത നിലനിർത്തിയിരിക്കുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/2022-23/07-11-2023) നൽകിയതിന് കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകി.
കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഭരണസമിതിയുടെ അനുമതിയോടെ 2023-24 വർഷം തന്നെ മുതൽക്കൂട്ടിയ ശേഷം വിവരം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിക്ഷേപം മുതൽക്കൂട്ടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ്, നിക്ഷേപ രജിസ്റ്ററിലെ രേഖപ്പെടുത്തൽ, നിക്ഷേപം മുതൽക്കൂട്ടിയ ഇടപാടുകളുടെ ജേർണൽ വൗച്ചർ നം./തീയതി എന്നിവ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

**1-24 വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് ഒടുക്കൽ- ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല**

2022-23 സാമ്പത്തിക വർഷം വിജയപുരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി.ക്ക് 1635316 രൂപയും വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് 811877 രൂപയും നൽകിയിട്ടുണ്ട്. നിലവിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലെ വാട്ടർ ടാപ്പുകളുടെ വിവരങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ സ്ട്രീറ്റ് ലൈറ്റുകളുടെയും വാട്ടർ ടാപ്പുകളുടെയും എണ്ണം, നിലവിലെ ഉപയോഗക്ഷമത എന്നിവ പരിശോധിക്കുന്നതിന് കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പരിശോധന നടത്തിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21/ 10.11.23) പ്രവർത്തന രഹിതമായ വാട്ടർ ടാപ്പുകൾ കണ്ടെത്തുന്നതിന് മുൻപ് സംയുക്ത പരിശോധന നടത്തിയിരുന്നതായിരുന്നുവെന്നും പരിശോധന റിപ്പോർട്ടിൽ വ്യത്യാസം കണ്ടതിനാൽ ഒരിക്കൽ കൂടി പരിശോധന നടത്തുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചെന്നും ( 10.11.23 കമ്മറ്റിയിലെ 6(1) നമ്പർ തീരുമാനം) മറുപടി നൽകിയിട്ടുണ്ട്. കാര്യക്ഷമമായ രീതിയിൽ സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിലുള്ള വൈദ്യുതി/ജല ഉപഭോഗത്തിനനുസൃതമായി മാത്രം തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള കാലതാമസം ആവർത്തിച്ചുള്ള പാഴ്ചെലവിന് ഇടയാക്കുന്നു. പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾ, വാട്ടർ ടാപ്പുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ജോയിന്റ് വേരിഫിക്കേഷൻ നടത്തി റിപ്പോർട്ട് പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതുമാണ്.

## 1-25 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയില്ല

സ. ഉ. (കൈ) നം. 84/2022ത.സ്വ.ഭ.വ തീയതി. 19-04-22 ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ.(ആർ. ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. ഉത്തരവുകൾ പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-26 വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ - പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 153/23 |
| അടങ്കൽ | 578080/-വികസനഫണ്ട് (ജനറൽ) |
| ചെലവ് | 578080/-<br>574100/-(ബിൽ നം-356/23.03.23)<br>3980/-(ബിൽ നം361/23.03.23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം വനിതകൾക്ക് വെൽനെസ്സ് സെന്റർ സ്ഥാപിക്കുന്നതിന് R J Enterprises എന്ന സ്ഥാപനത്തിൽ നിന്നും 578080/- രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

മേൽ പ്രോജക്ട് കൂടാതെ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 273/23 നമ്പർ പ്രോജക്ട് പ്രകാരം 500000/- രൂപ (ബിൽ 475/31.03.23) ചെലവഴിച്ച് Fibre Cement Board Providing And Fixing, Ceiling, Flooring And Painting എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിലും, 09.11.2023 ൽ നടത്തിയ ഭൗതിക പരിശോധനയിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉപകരണങ്ങൾ വാങ്ങി ഗ്രാമപഞ്ചായത്തിന്റെ മുകളിലത്തെ നിലയിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാൽ തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ - വെൽനെസ് സെന്ററുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.നാളിതു വരെ വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല

3 വെൽനെസ്സ് സെന്റർ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല, ജലലഭ്യത ഉറപ്പാക്കിയില്ല. ഭൗതിക സാഹചര്യം സജ്ജമാക്കുന്നതിന് മുമ്പ് ഉപകരണങ്ങൾ വാങ്ങാനിടയായ സാഹചര്യം വ്യക്തമല്ല.

4. ഒരു ട്രെയിനറെ നിയമിക്കേണ്ട സാഹചര്യമുണ്ടോ എന്നുള്ളതും, ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കിയിട്ടില്ല

5. ഉപകരണങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനവുമായി ഉപകരണങ്ങളുടെ വാറണ്ടി, തുടർപരിപാലനം എന്നിവ സംബന്ധിച്ച് എഗ്രിമെന്റ് വച്ചിട്ടില്ല.

അപാതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 9/10.11.23) സെന്ററിന്റെ വൈദ്യുതീകരണം നടത്തി ഒരു വനിതാ ട്രെയിനറെ നിയമിച്ച് വരും വർഷം ആദ്യവാരത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.





വാങ്ങിയ ഉപകരണങ്ങൾ നിശ്ചിത ലക്ഷ്യത്തിനായി ഉപയോഗിക്കുന്നില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ച് പ്രയോജനപ്പെടുന്ന തരത്തിൽ സ്ഥാപിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രോജക്ട് വനിതകൾക്ക് പ്രത്യക്ഷമായി പ്രയോജനകരമാവുന്നതിനും കാര്യക്ഷമമായ തുടർ നടത്തിപ്പ് ഉറപ്പാക്കുന്നതിനും ഫലപ്രദമായ ഭരണതല നടപടികൾ അനിവാര്യമാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 578080/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 ആയുർവേദ മെഡിക്കൽ ഓഫീസറുടെ പ്രോജക്ട് നിർവ്വഹണത്തിലുള്ള ബിൽ ബുക്ക് മുഖാന്തിരം ഡിപ്പാർട്ട്മെന്റൽ ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ചു**

പഞ്ചായത്തിന്റെ ചെലവ് പത്രിക പ്രകാരം ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് പ്രോജക്ടുകളിൽ 269,576/- രൂപയാണ് ചെലവ്. എന്നാൽ ടി ചെലവ് കൂടാതെ ബിൽ ബുക്ക് പ്രകാരം 3,827/- രൂപ 31/10/2022 ലെ Bill No.25/22-23 Cost Of Fuel എന്ന ബിൽ വിശദാംശത്തോടെ പിൻവലിച്ചിട്ടുള്ളതായി കാണുന്നു (ബിൽ ബുക്ക് എൻട്രി ക്രമ നം.2). പ്രോജക്ട് ചെലവില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബിൽ ബുക്ക് (നം.JJ407202 അയർക്കുന്നം സബ് ട്രഷറി) മുഖാന്തിരം ഫണ്ട് പിൻവലിച്ചതിന്റെ ആധികാരികത വ്യക്തമല്ല. 3,827/- രൂപ അധികമായി പിൻവലിച്ചതിന് ആധികാരിക വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി മുഖാന്തിരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2022-23/08-11-2023) നൽകിയതിന് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. 14/11/2023 ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ വിഷയം അവതരിപ്പിച്ചപ്പോൾ

ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള പ്രസ്തുത ചെലവ് ആയുർവേദ ആശുപത്രിയുടെ ഡിപ്പാർട്ട്മെന്റൽ ഫണ്ടിൽ നിന്നുള്ള ചെലവാണെന്നും, എന്നാൽ ക്ലറിക്കൽ അപാകത മൂലം പഞ്ചായത്ത് പ്രോജക്ടുകളുടെ ബിൽ ബുക്കിൽ എൻട്രി ചെയ്യപ്പെട്ടതാണ് എന്നാണ് നിലവിലെ ആയുർവേദ മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്.

ക്ലറിക്കൽ അപാകത ആണെങ്കിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടാതെയുള്ള 3,827/- രൂപയുടെ ഫണ്ട് പിൻവലിക്കൽ വിഷയത്തിലുള്ള ആധികാരിക വിശദീകരണം അയർക്കുന്നം സബ് ട്രഷറിയിൽ നിന്നുള്ള ടി ചെലവ് രേഖകളുടെ വിശദീകരണം ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ നൽകേണ്ടതാണ്.

**1-28 ലൈഫ് ഭവനസമുച്ചയം - കുടിവെള്ള പദ്ധതി തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടായിരുന്ന ലൈഫ് ഭവന സമുച്ചയം-കുടിവെള്ള പദ്ധതി (പ്രോജക്ട് നം. 27/23). ഗ്രാമ പഞ്ചായത്തിലെ വാർഡ് 17ൽ ഉൾപ്പെട്ട ലൈഫ്- ഭവനസമുച്ചയത്തിലേയ്ക്ക് കുടിവെള്ളം എത്തിയ്ക്കുന്നതിനായി നിലവിലുള്ള കുഴൽ കിണറിൽ നിന്നും വെള്ളം പമ്പുചെയ്യുന്നതിനും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിയ്ക്കുന്നതിനും ഭൂജല വകുപ്പിൽ 2300400 രൂപ 04.08.2022ലെ കരാർ പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. മൂന്നുമാസത്തിനകം പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം എന്നായിരുന്ന കരാർ വ്യവസ്ഥ. പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ, മൂല്യനിർണ്ണയ സാക്ഷ്യപത്രം മുതലായവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 9/10.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ നിക്ഷേപതുക 23,00,400/- (ബിൽ നം. 69/02.08.22) രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതോടൊപ്പം ഭവനസമുച്ചയത്തിലെ എല്ലാ ലൈഫ് ഗുണഭോക്താക്കൾക്കും സുഗമമായി ജലവിതരണം നടത്താൻ സാധിക്കുന്നുണ്ടോയെന്നും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 എസ്.സി. വകുപ്പ് വീട് മെയിന്റനൻസിന് ആനുകൂല്യം നൽകിയ ഗുണഭോക്താവിന് ധനസഹായം അനുവദിച്ചു**

| | |
|---|---|
| പ്രോജക്ട് നം./പേര് | 150/23<br>വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.) |
| അടങ്കൽ | 15 ലക്ഷം വികസന ഫണ്ട് (SCSP) |
| ആകെ ചെലവ് | 14 ലക്ഷം |
| ചെലവ് വിശദാംശം | ബിൽ നം.331/15-03-2023 (1 ലക്ഷം രൂപ) |
| UTR No. | RBI0772357066411 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

പ്രോജക്ട് പ്രകാരം 14 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ക്രമ നം.8 ആയി ധനസഹായം ലഭിച്ച ശർമ്മലാൽ കെ., ചിറക്കൽ വീട്, വടവാതൂർ-686010 എന്ന ഗുണഭോക്താവ് (വീട് നം.V/100) വീട് മെയിന്റനൻസിന് 2020-21 വർഷം 1.5 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്ന് കൈപ്പറ്റിയതായി പള്ളം പട്ടികജാതി വികസന ഓഫീസർ 25/01/2023ലെ PB-01/2023 നം. സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വീട് മെയിന്റനൻസിനായി പട്ടികജാതി വകുപ്പിൽ നിന്ന് ധനസഹായം കൈപ്പറ്റിയ ശേഷമാണ് 2022-23 വർഷം 30/01/2023-ൽ കരാർ ചമച്ച് മേൽ പ്രോജക്ട് പ്രകാരം 1 ലക്ഷം രൂപ വീണ്ടും കൈപ്പറ്റിയത് (Account No.67152428082). വീട് മെയിന്റനൻസിനുള്ള വിശദമായ എസ്റ്റിമേറ്റ് എഞ്ചിനീയറിങ് വിഭാഗം അംഗീകരിക്കുകയും 1.07 ലക്ഷം രൂപയുടെ പ്രവൃത്തി ചെയ്തതായി വാല്യുവേഷൻ നടത്തിയതായി ഫയലിൽ കാണുന്നു. 21/02/2023 ലെ സ.ഉ.(സാധാ)നം.440/2023/LSGD പ്രകാരം കഴിഞ്ഞ 3 വർഷത്തിൽ സർക്കാരിൽ നിന്ന് വീട് മെയിന്റനൻസിന് ധനസഹായം ലഭ്യമായിട്ടില്ല എന്ന് ഉറപ്പാക്കി മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2022-23 /10-11-2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽപറഞ്ഞ ഗുണഭോക്താവിന് വകുപ്പുതലത്തിൽ വീട് മെയിന്റനൻസിന് ലഭിച്ച തുകയ്ക്ക് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നേരിട്ട് വിലയിരുത്തിയും ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് മൂന്ന് വർഷം കഴിയാറായപ്പോൾ ധനസഹായം നൽകിയത് എന്നാണ് അറിയിച്ചത്. ഗുണഭോക്താവിന്റെ ഭവനം വാസയോഗ്യമല്ലായിരുന്നുവെങ്കിൽ 2020-21 വർഷം ഭവനനിർമ്മാണത്തിനുള്ള പ്രോജക്ടിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല.

2020-21 വർഷം വീട് മെയിന്റനൻസിന് ധനസഹായം കൈപ്പറ്റിയ ശേഷം 3 വർഷം കഴിയാതെ വീണ്ടും 2022-23 വർഷം ധനസഹായം അനുവദിച്ച സാഹചര്യം പഞ്ചായത്ത് ഭരണസമിതി പരിശോധിച്ച് തീരുമാനം ഉൾപ്പെടെ ഈ റിപ്പോർട്ടിന് മറുപടി നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ തീരുമാനം ഉൾപ്പെടെ വിശദീകരണം നൽകുന്നതുവരെ മേൽ പട്ടികയിൽ പരാമർശിച്ച ബിൽ പ്രകാരമുള്ള 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാന സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആറാം ഇനമായ ശുചിത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വിജയപുരം ഗ്രാമപഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിക്കണമെങ്കിൽ **സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം** ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. ടാഗിംഗ് 80% മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ. കമ്മറ്റിയുടെയും ജീവനക്കാരുടെയും അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 1-31 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ കീർത്തി തയ്യൽ യൂണിററിന് തയ്യൽ ഉപകരണങ്ങൾ വാങ്ങി നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 64/23 |
| അടങ്കൽ | 117810 (വികസന ഫണ്ട്)<br>45000 (മറ്റുള്ളവ) |
| ചെലവ് | 117810 (ബിൽ നം-08/27/04/22) |

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണം 2021-22 ൽ ഉൾപ്പെടുത്തിയ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന പദ്ധതിയുടെ ഗുണഭോക്താവായ കീർത്തി ടെയ്‌ലറിംഗ് യൂണിറ്റിന് 117810 രൂപ സബ്‌സിഡി ഇനത്തിൽ നൽകിയിട്ടുണ്ട് (ബിൽ നം-08/27/04/22). കൂടാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 053/22 09.03.22 നമ്പർ കത്ത് പരിഗണിച്ച് കാനറ ബാങ്കിൽ നിന്നും 142200

വായ്പയായി കീർത്തി ടെയ്‌ലറിംഗ് യൂണിറ്റിന് അനുവദിച്ചു. എന്നാൽ നിലവിൽ ടി യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്നുള്ള വിവരമാണ് ലഭ്യമായിട്ടുള്ളത്. ലോൺ ഇനത്തിലും സബ്സിഡി ഇനത്തിലുമായി ആകെ 260010 രൂപ ടി തയ്യൽ യൂണിറ്റിന് ലഭിച്ചിട്ടുണ്ട്. ടി തുകയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/9.11.23) ടി യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും യൂണിറ്റ് അംഗങ്ങൾ ഹരിത കർമ്മ സേന അംഗങ്ങൾ ആയതിനാൽ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വാങ്ങിയ തയ്യൽ ഉപകരണങ്ങൾ അവരവരുടെ വീടുകളിൽ വെച്ച് തയ്യൽ വേലയിൽ ഏർപ്പെട്ട് വരുമാനം കണ്ടെത്തുന്നു എന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം സംരംഭകത്വ വികസന പ്രോജക്ടുകൾ സുസ്ഥിര സാമ്പത്തിക വികസനത്തിന് സഹായകരമായ രീതിയിലാണ് നടപ്പിലാക്കേണ്ടത്. സബ്സിഡി വിതരണത്തിൽ മാത്രമായി പ്രോജക്ട് പരിമിതപ്പെടാവുന്നതല്ല. ഗ്രൂപ്പ് സംരംഭത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ചെലവഴിച്ച 117810 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ന്യൂനതാ പരിഹാര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-32 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് ലാപ്ടോപ് വാങ്ങുന്നതിനായി ജെം പോർട്ടൽ വഴിയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 326/23 |
| അടങ്കൽ | 852000 (വികസന ഫണ്ട്-എസ്.സി.പി)<br>48000 (തനത് ഫണ്ട്) |
| ചെലവ് | 614250(ബിൽ നം-414/28/03/23) |

ജെം പോർട്ടൽ മുഖാന്തിരമാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. 20 ലാപ്ടോപ്പുകളാണ് പദ്ധതി പ്രകാരം വാങ്ങുവാൻ തീരുമാനിച്ചിരുന്നത്. വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളിൽ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ആർ.ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനാണ് ലാപ്ടോപ് വിതരണത്തിനായി സപ്ലൈ ഓർഡർ നൽകിയത്. ആകെ 12 സ്ഥാപനങ്ങളാണ് ടെണ്ടർ നൽകിയത്. പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് ടി സ്ഥാപനങ്ങൾ തയ്യാറായിരുന്നു. എന്നാൽ PCE Systems Pvt Ltd എന്ന സ്ഥാപനമാണ് കുറഞ്ഞ നിരക്ക് സമർപ്പിച്ചത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | റേറ്റ് |
|---|---|
| PCE Systems Pvt Ltd | 628100(20 Nos) |
| RJ Enterprises | 819000(20 Nos) |

20 ലാപ്ടോപ്പിന്റെ റേറ്റാണ് സ്ഥാപനങ്ങൾ സമർപ്പിച്ചത്. ഇതനുസരിച്ച് ഒരു ലാപ്ടോപ്പിന് PCE Systems Pvt Ltd എന്ന സ്ഥാപനത്തിന് 31405 രൂപയും RJ Enterprises 40950 രൂപയുമാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ലാപ്ടോപ് വാങ്ങിയത് RJ Enterprises എന്ന സ്ഥാപനത്തിൽ നിന്നുമാണ്. ബിൽ നം-414/28/03/23 പ്രകാരം ആകെ 15 ലാപ്ടോപ്പുകളാണ് വാങ്ങിയത്. ഇൻവോയ്സ് നമ്പർ RJEO3848/2022-23/27.03.23 പ്രകാരം 614250 രൂപയാണ് ലാപ്ടോപ് വാങ്ങുന്നതിനായി നൽകിയിട്ടുള്ളത്. എന്നാൽ PCE Systems Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നുവെങ്കിൽ 471075 രൂപയ്ക്ക് 15

ലാപ്ടോപ്പുകൾ ലഭിക്കുമായിരുന്നു. 143175 രൂപ അധികമായി ചെലവഴിച്ചാണ് ഏറ്റവും കൂടുതൽ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ലാപ്ടോപ് വാങ്ങിയത്. ടി വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനങ്ങൾ ഉള്ളതായി കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/09.11.2023) 31.03.2023 ന് മുമ്പായി ലാപ്ടോപ് സപ്ലൈ ചെയ്യുന്നതിന് RJ Enterprises എന്ന സ്ഥാപനം മാത്രമാണ് തയ്യാറായതെന്നും ആയതിനാലാണ് ടി സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. ഇത്തരം പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവിൽ നടത്തുന്നതിന് പകരം നേരത്തേ നടപ്പാക്കിയിരുന്നുവെങ്കിൽ 143175 രൂപ അധികമായി ചെലവഴിക്കുന്നത് ഒഴിവാക്കാമായിരുന്നു. ആയതിനാൽ അധികമായി ചെലവഴിച്ച 143175 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പിലെ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി മാപ് - പ്രവൃത്തി ആരംഭിച്ചിട്ടില്ല

സർക്കാർ നിർദ്ദേശ പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തുന്നതിന് Kerala State Remote Sensing And Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള R-Track മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഫീൽഡ് വർക്ക് ചെയ്ത് ഡാറ്റാ എൻട്രി പൂർത്തിയാക്കി ആസ്തി രജിസ്റ്റർ പുതുക്കുന്നതിനായി വിജയപുരം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2022-23 ൽ ഉൾപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 57000/- രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതാണ് (റോഡ് കണക്ടിവിറ്റി മാപ്പിംഗ് 271/2022-23). ടി പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് 31/10/2022 തീയതിയിലെ PAN/3173/2021-J1(DP) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് വിജയപുരം ഗ്രാമപഞ്ചായത്തിൽ ടി പ്രവൃത്തി ചെയ്യുന്നതിന് ടി പ്രവൃത്തി ചെയ്തു മുൻ പരിചയമുള്ള വിഷ്ണു കെ.പി., ഭാർഗ്ഗവി ഭവൻ, ചാവടിനട, കട്ടച്ചാൽകുഴി പി.ഒ., 695501 എന്നയാളെ നിയമിക്കുന്നതിനും ടിയാളുമായി കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 31/10/2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കലക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. തുടർവർഷം (2023-24) പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കണമായിരുന്നു. എന്നാൽ ഇവിടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/7.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ മേഖലയിലെ പ്രോജക്ടുകളുടെ കൃത്യമായ ആസൂത്രണത്തിനും രൂപീകരണത്തിനും കൃത്യമായ റോഡ് കണക്ടിവിറ്റി മാപ്പ് അനിവാര്യമാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് കണക്ടിവിറ്റി മാപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 "മീനന്തറയാർ ടൂറിസം വികസന പദ്ധതി ""-മാതൃകാപ്രോജക്ട്

വിജയപുരം ഗ്രാമപഞ്ചായത്ത് 2022-2023 വാർഷിക പദ്ധതിയുടെ ഭാഗമായ 55/2022-2023 "മീനന്തറയാർ ടൂറിസം വികസന പദ്ധതി" എന്ന സ്പിൽഓവർ പ്രോജക്ടിന്റെ ഭാഗമായി വിജയപുരം ഗ്രാമപഞ്ചായത്ത് 3, 4, 5, 16, 17 വാർഡുകളിൽ മീനന്തറയാറിന്റെ തീരപ്രദേശങ്ങളെ ബന്ധിച്ച് വരുന്ന ഭാഗങ്ങൾ സംയോജിപ്പിച്ചുകൊണ്ട് വിവിധങ്ങളായ ടൂറിസം പദ്ധതികൾ ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ടാണിത്. കോട്ടയം ജില്ലയോട് ചേർന്നു നിൽക്കുന്ന ഒരു പ്രദേശമെന്ന നിലയിലും, നഗരവൽക്കരിച്ചു വരുന്ന ഒരു ഗ്രാമ പഞ്ചായത്ത് എന്ന നിലയിലും കുട്ടികൾക്കും

പൊതുജനങ്ങൾക്കും വിശ്രമിക്കാനും ഉല്ലസിയ്ക്കാനും ഒരു പൊതു ഇടം അന്യമാകുന്ന സാഹചര്യം നിലനിൽക്കുന്നു. അതൊഴിവിക്കാനായിരുന്നു ടി പദ്ധതി വിഭാവനം ചെയ്തത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ മീനന്തറയാർ അവസാനിയ്ക്കുന്ന സ്ഥലമെന്ന നിലയിലും പുഴയും പാടശേഖരവും കൂടിയുള്ള വശ്യഭംഗിയും സന്ദർശകരെ ആകർഷിയ്ക്കുന്നവയാണ്.

പഞ്ചായത്ത് കമ്മറ്റിയുടെ 26.10.2021 ലെ 9/1 നമ്പർ തീരുമാന പ്രകാരം ടി പദ്ധതി നടത്തുന്നതിന് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ), എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 21.12.2021 ലെ 1(2) നമ്പർ തീരുമാന പ്രകാരം ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സിഡ്കോ സെയിൽസ് എമ്പോറിയം, കൊല്ലം എന്ന സ്ഥാപനത്തിന്റെ ബിഡ് തുക 19,87,362/- രൂപ അംഗീകരിച്ചു. 27.03.2022-ൽ കരാർപ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് സിഡ്കോയ്ക്ക് തുക നൽകിയിരുന്നു.





ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുന്നതിന്റെ പ്രാഥമിക നടപടിയായിട്ടാണ് പാർക്ക് നിർമ്മിച്ചത്. ഭാവിയിൽ ഷട്ടർ നിർമ്മാണം, റോപ് വേ , ബയോപാർക്ക്, ബട്ടർഫ്ലൈ പാർക്ക്, ഉല്ലാസ ബോട്ട്, ലാന്റ് സ്കേപ്പിംഗ്, വാച്ച് ടവർ എന്നിവ ഉൾപ്പെടെ മുപ്പത് കോടി രൂപയുടെ പ്രോജക്ടാണ് വിഭാവനം ചെയ്തിരിയ്ക്കുന്നത്. നിലവിൽ മീനന്തറയാറിന്റെ തീരത്ത് എല്ലാദിവസവും വൈകുന്നേരം അഞ്ചുമണിമുതൽ കുട്ടികളുടെ പാർക്ക് പ്രവർത്തനത്തിനായി തുറന്നുകൊടുക്കുന്നുണ്ട്. അഞ്ചു രൂപ നിരക്കിൽ പ്രവേശന ഫീസും വരവു വരുന്നുണ്ട്. കുടുംബശ്രീ വനിതകളെ ആണ് പാർക്ക് നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിരിയ്ക്കുന്നത്. 09.11.2023-ൽ നടത്തിയ ഭൗതിക പരിശോധനയിൽ പാർക്ക് പഞ്ചായത്തിന് വരുമാനദായകമായി മികച്ച രീതിയിൽ പ്രവർത്തിയ്ക്കുന്നതായി ബോദ്ധ്യപ്പെട്ടു. പദ്ധതി നന്നായി മോണിട്ടറിംഗ് ചെയ്യുന്നുമുണ്ട്.

**1-35 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - ലക്ഷ്യം കൈവരിയ്ക്കുന്നതിൽ കാലതാമസം**

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | 111/28 – പൊതുശ്മശാനം നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| വകയിരുത്തിയ തുക | 1685200/- (സി.എഫ്.സി)<br>2314800/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 1672242/- (സി.എഫ്.സി) |
| ബിൽ നം. | 248/03.02.23 – 550388/-<br>446/28.03.23 - 1121854/- |

ഗ്രാമപഞ്ചായത്തിന്റെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന പൊതു ശ്മശാനത്തിൽ ആധുനിക വാതക ശ്മശാനം നിർമ്മിയ്ക്കുന്നതിനാണ് 2021-22-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആയതിന്റെ ഫർണസ് മെഷീൻ

സ്ഥാപിയ്ക്കുന്നതിനുള്ള കെട്ടിടം, സെക്യൂരിറ്റി റൂം, ഇലക്ട്രിഫിക്കേഷൻ, ചുറ്റുമതിൽ എന്നിവ ഉൾപ്പെടെ ചെയ്യുന്നതിനായി 40,00,000 രൂപയായിരുന്നു വകയിരുത്തിയത്. ഫർണസ് മെഷീൻ വാങ്ങുന്നതിന്റെ പ്രോജക്ട് സെക്രട്ടറിയാണ് നിർവ്വഹിക്കേണ്ടിയിരുന്നത്. ഒരു വാതക ശ്മശാനം നിർമ്മിയ്ക്കുന്നതു മൂലം സമീപ പഞ്ചായത്തുകളിലെ അർഹരായ കുടുംബങ്ങൾക്കും ഇത് അടിയന്തിര ഘട്ടങ്ങളിൽ പ്രയോജനകരമാവും എന്ന ലക്ഷ്യത്തിലാണ് പ്രോജക്ട് ഏറ്റെടുത്തത്. പ്രോജക്ട് ഫയൽ പരിശോധനയുടേയും 09.11.2023-ൽ പ്രവൃത്തിസ്ഥലം നേരിട്ട് പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

എസ്റ്റിമേറ്റിൽ ഉൾപ്പെട്ട സിവിൽ വർക്കുകളിൽ മേൽക്കൂരയോടുകൂടിയ കെട്ടിടം, ഹാൾ, ഗ്യാസ് ബേണിംഗ് മുറി, സ്റ്റോർ, ടോയ്‌ലറ്റ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ആയതിന് 1672242/-രൂപയാണ് ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചത്. അസിസ്റ്റന്റ് എൻജിനീയർ ആയിരുന്നു നിർവ്വഹണോദ്യോഗസ്ഥൻ (പ്രോജക്ട് നം. 111/23). എസ്റ്റിമേറ്റിലുൾപ്പെട്ട ഫർണസ് മെഷീൻ സ്ഥാപിയ്ക്കൽ, ടൈൽപാകൽ, പ്ലംബിംഗ് സംവിധാനങ്ങൾ എന്നീ പ്രവൃത്തിഘടകങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. ഗ്യാസ് ക്രിമറ്റോറിയം പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഘടകങ്ങൾ കൃത്യമായി നിർണ്ണയിച്ച് ഓരോ ഘടകത്തിന്റേയും മതിപ്പ് കൃത്യമായി കണക്കാക്കി അതിനനുസൃതമായ വകയിരുത്തൽ നടത്തി ഡിപിആർ തയ്യാറാക്കി പ്രോജക്ട് വെറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

**ജലലഭ്യതക്കുള്ള ക്രമീകരണങ്ങൾ നടപ്പായിട്ടില്ല**

ഗ്യാസ് ഫർണസിന്റെ പ്രവർത്തനം നടക്കുമ്പോൾ ചേമ്പറിനുള്ളിലുണ്ടാകുന്ന അമിത ഊഷ്മാവ് ക്രമീകരിക്കുന്നതിനും സാനിറ്ററി സൗകര്യങ്ങൾക്കുമുള്ള ജലലഭ്യത ഉറപ്പാക്കാൻ സമീപത്തായി നിലവിലുള്ള വാട്ടർലൈനിൽനിന്നും കണക്ഷനെടുക്കുന്നതിനും വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നില്ല.



**തുടർപ്രവർത്തനങ്ങൾ നടക്കുന്നില്ല**

മുകളിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പണികൾ പൂർത്തീകരിക്കാത്ത സാഹചര്യം ഫയലിലെ രേഖപ്പെടുത്തലിൽ നിന്നും വ്യക്തമായിട്ടില്ല. പൊതുശ്മശാനം ആയി ഉപയോഗിച്ചിരുന്ന സ്ഥലത്ത് ഏറ്റെടുത്ത പണികൾ പൂർത്തീകരിച്ച് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി സൈറ്റ് പരിശോധനയ്ക്ക് മുമ്പ് അന്വേഷണക്കുറിപ്പ് (നമ്പർ 33/13.11.23) നൽകിയിരുന്നു. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് അന്തിമമായി പൂർത്തീകരിച്ച്

പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിയ്ക്കുന്നതു വരെ പ്രോജക്ടിനായി ചെലവഴിച്ച 1672242/- രൂപ തടസ്സപ്പെടുത്തുന്നു.

**1-36 ആശ്രയ പദ്ധതി -ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല**

ആശ്രയ പദ്ധതിപ്രകാരം നിർദ്ധനരായ കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണത്തിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 500000 രൂപ സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആകെ 8 ഗുണഭോക്താക്കളാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ഓരോ ഗുണഭോക്താവിനും 150000/- രൂപയാണ് ഭവന പുനരുദ്ധാരണത്തിനായി അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ എല്ലാ ഗുണഭോക്താക്കളും ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 148/23 |
| അടങ്കൽ | 500000 (വികസന ഫണ്ട്- |
| ചെലവ് | 500000 (ബിൽ നം-103/20/09/22) |

**ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ**

| ഗുണഭോക്താവ് | വാർഡ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| കുഞ്ഞമ്മ വലിയ പാറയിൽ | V | 25000<br>25000 | 06.02.23<br>28.03.23 |
| അന്ന കുമ്മനത്തുചിറ | I | 18750 | 03.11.22 |
| ലീലാമ കമ്മങ്കര | V | 17500<br>25000 | 03.11.22<br>23.03.23 |
| അമ്മിണി അഞ്ചേരിയിൽ | 1 | 12500<br>20000 | 03.11.22<br>30.03.22 |
| അന്നമ്മ ജോൺ<br>കളമ്പുകാട്ട് കുന്നേൽ | VIII | 15000<br>25000 | 03.11.22<br>06.02.23 |
| രാധാ രമണൻ | I I | 15000<br>35000<br>80000 | 03.11.22<br>23.03.22<br>05.04.23 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-37 വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല**

ഗ്രാമപഞ്ചായത്ത് 2022-2023 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം. 270/23 പ്രകാരം വാർഡ് 2ലെ അങ്കണവാടി കെട്ടിടം നിർമ്മാണത്തിനായി 12,00,000/- രൂപ വകയിരുത്തിയിട്ടുള്ളതാകുന്നു. (19.09.2022ലെ 1/8 തീരുമാനം). അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി വിജയപുരം ഗ്രാമപഞ്ചായത്ത് വാർഡ് 2- നാല്പാംമറ്റം ഭാഗത്ത് വിജയപുരം വില്ലേജ് ബ്ലോക്ക് നമ്പർ 24 റീ സർവ്വേ നമ്പർ 95/14 ൽ ഉൾപ്പെട്ട 1 ആർ 21 ചതുരശ്രീറ്റർ (3 സെന്റ്) സ്ഥലം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ സി.ജെ.ജോൺ, ചെപ്പന്നൂർ വീട്, പാറമ്പുഴ എന്നയാൾ വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പേർക്ക് 1153/I/2022 തീയതി 31.05.2022ൽ ദാനാധാരം കോട്ടയം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ടി ആധാരത്തിൽ രേഖപ്പെടുത്തിയതു പ്രകാരം ടി അങ്കണവാടി കെട്ടിടത്തിന് "കുന്നത്തയ്യാട്ടായ ചെപ്പന്നൂർ ഉലഹന്നാൻ ഉലഹന്നാൻ മെമ്മോറിയൽ" എന്ന നാമകരണം ചെയ്യുന്നതിനും തീരുമാനിച്ചു. ടി ആധാരം രജിസ്റ്റർ ചെയ്ത ഇനത്തിൽ ചെലവായ 8500/-

(എണ്ണായിരത്തി അഞ്ഞൂറ്) രൂപ ആധാരം എഴുത്ത് ഫീസും ഉൾപ്പെടെ ചെലവായിട്ടുണ്ട്. ടി തുക തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം നാളിതുവരെ വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനികുതി അടയ്ക്കുകയോ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/7.01.23) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലം പോക്ക് വരവ് ചെയ്ത് ആസ്തിയിൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ടി സ്ഥലം ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തി നിരാക്ഷേപമായി പഞ്ചായത്തിന്റെ പേരിലാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പൊതു ആവശ്യത്തിന് കെട്ടിട നിർമ്മാണത്തിനായി സൗജന്യമായി ലഭിക്കുന്ന സ്ഥലങ്ങൾ ന്യൂനതകൾ ഇല്ലാത്തവയാണെന്ന് ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി അങ്കണവാടി നിർമ്മാണം ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിന് സൗജന്യമായി ലഭിക്കുന്ന ആസ്തികൾ പേരിൽക്കൂട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ട് ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**1-38 കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം,നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കുന്നില്ല**

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി ഏറ്റെടുത്ത വിവിധ കുടിവെള്ള പദ്ധതികളുടെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കുടിവെള്ളപദ്ധതിയുടെ പേര് | വകയിരുത്തിയ തുക/ ചെലവഴിച്ച തുക |
|---|---|---|
| 320/23 | ശാന്തിഗ്രാം കുടിവെള്ള പദ്ധതി നവീകരണം | 99000<br>99000 |
| 276/23 | കൊശമറ്റം കോളനി കുടിവെള്ള പദ്ധതി -പുനരുദ്ധാരണം എസ് സി പി | 557000<br>134916 |
| 275/23 | ചെമ്പോല എസ്.സി കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 1000000<br>316712 |

മേൽ സൂചിപ്പിച്ചതു കൂടാതെ ആസ്തി രജിസ്റ്റർ പ്രകാരം മധുരവേലിക്കടവ്, ചമ്പപ്പള്ളി, മുണ്ടകപ്പലം, മംഗനം ലക്ഷം കോളനി, ആനത്താലം കവലകുടി, ആനത്താലം ചൂരവേലിക്കുന്ന് എന്നീ കുടിവെള്ള പദ്ധതികളും പഞ്ചായത്തിലുണ്ട്.

കുടിവെള്ളപദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ പ്രോജക്ട് റിപ്പോർട്ട് ഇല്ലാത്തതനാൽ നിർവ്വഹണം/പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച വിശദമായ പരിശോധന സാധ്യമായില്ല. കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിർവ്വഹണം നടത്തിയ പ്രവൃത്തികൾ (ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ), പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും നിർവ്വഹണം നടത്താൻ കഴിയാത്ത സാഹചര്യം (ഏതാനും പ്രോജക്ടുകൾക്ക് മാത്രമാണ് ചെലവ് വന്നിട്ടുള്ളത്) എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനൊപ്പം ആവശ്യമുള്ള പ്രവൃത്തികൾക്ക് മാത്രമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് തുകചെലവഴിച്ച് നിർമ്മിച്ച എല്ലാ കുടിവെള്ള ജലസേചന പദ്ധതികളുടെയും വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

**1-39 ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു**

ലൈഫ് മിഷൻ പദ്ധതിയിൽ 2022-23 വർഷം നാല് പ്രോജക്ടുകളാണ് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയത് (പ്രോജക്ട് നം.46/23, 158/23, 47/23, 162/23). തൻവർഷം 31/03/2023 വരെ കരാർ ചമച്ച് ധനസഹായം കൈപ്പറ്റിയ 9 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 6 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ്/ വാർഡ് | കരാർ തീയതി | വിഭാഗം | പൂർത്തിയായ സ്റ്റേജ് | 31/03/2023 വരെ ധനസഹായം |
|---|---|---|---|---|---|
| 1. | നിഷ ഐ., കാട്ടിപ്പറമ്പിൽ, വടവാതൂർ (XVII) | - | ജനറൽ | സ്ഥലം വാങ്ങൽ തിരുവാർപ്പ് | 2 ലക്ഷം (സ്ഥലം) |
| 2. | അമ്മിണി ഫിലിപ്പ്, പോളശേരിയിൽ, വടവാതൂർ (V) | 03-01-2023 | ജനറൽ | സ്ഥലം വാങ്ങൽ ഭിത്തി | 2 ലക്ഷം (സ്ഥലം) 2 ലക്ഷം |
| 3. | മായ രാജേന്ദ്രൻ, കക്കാട്ട് പുതുപ്പറമ്പിൽ, മുട്ടമ്പലം (III) | 15-02-2022 | എസ്.സി. | ഭിത്തി | 2 ലക്ഷം |
| 4. | ശാന്തമ്മ കുട്ടപ്പൻ, നെടുംകുഴിയിൽ, വടവാതൂർ (V) | 23-12-2022 | എസ്.സി. | ഭിത്തി | 290,700/- |
| 5. | പ്രശാന്ത്, പുത്തൻമാലിയിൽ, പാറമ്പുഴ (XIX) | 16-01-2023 | എസ്.സി. | ഭിത്തി | 2 ലക്ഷം |
| 6. | തങ്കച്ചൻ, വലിയ പാറയിൽ, വടവാതൂർ (V) | 29-12-2022 | എസ്.സി. | ഭിത്തി | 2 ലക്ഷം |

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥലം വാങ്ങിയ ക്രമ നം.1 ഗുണഭോക്താവ് വീട് നിർമ്മാണത്തിന് കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്. മറ്റു ഗുണഭോക്താക്കളുടെ 2023-24 വർഷം ലൈഫ് പദ്ധതി ഭവനനിർമ്മാണ പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.23/2022-23/13-11-2023) നൽകിയതിന് 2,3,4,5,6 ഗുണഭോക്താക്കൾ ഭവന നിർമ്മാണം റൂഫ് വരെ പൂർത്തിയാക്കി അവസാന ഘട്ടത്തിലാണ് എന്നും ക്രമ നം.1 ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിശദാംശം മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-40 നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ വർഷാരംഭ മുന്നിരിപ്പ് കണക്കാക്കിയതിൽ അപാകത**

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം 4,163,254/- രൂപയാണ് കേരള വാട്ടർ അതോറിറ്റിയിലെ വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയിൽ മുന്നിരിപ്പായുള്ളത് (ശീർഷകം-460500201).

തൻവർഷം കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09/05/2022 ലെ AB3/5413/93-UC നം. കത്ത് പ്രകാരം 3 പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രവും ചെലവഴിക്കാത്ത ഇനത്തിൽ 81,579/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. ടി തുക 460500201 ശീർഷകത്തിൽ വരവ് ചേർത്തിട്ടുണ്ട്. മേൽ കത്ത് പ്രകാരമുള്ള വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് (വർഷം) | നിക്ഷേപ തുക | വിനിയോഗിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 1. | തോട്ടിയിൽ പടി മൈത്രി ലൈൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ & സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കൽ (2017-18) | 389,287/- (3.6 ലക്ഷം CFC ഫണ്ട് , 29,287/- തനത് ഫണ്ട്) | 327,033/- | 62,254/- |
| 2. | വിവിധ വാർഡുകളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2019-20) | 450,000/- | 450,000/- | ഇല്ല |
| 3. | 18 വാർഡുകളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 400,000/- | 380,675/- | 19,325/- |
| ആകെ | | 1,239,287/- | 1,157,708/- | 81,579/- |

പഞ്ചായത്തിന്റെ 2022-23 Advance Register പ്രകാരം ക്രമ നം.1 പ്രവൃത്തിയുടെ 327,033/- രൂപ മുൻവർഷങ്ങളിൽ ക്രമീകരിച്ചതും ബാക്കി 62,254/- രൂപ തൻവർഷ മുന്നിരിപ്പായി അവശേഷിച്ചതുമാണ്. തിരികെ ലഭിച്ച 62,254/- രൂപ കൃത്യമായി രജിസ്റ്ററിൽ ക്രമീകരിച്ചിട്ടുണ്ട്. ക്രമ നം.2 പ്രവൃത്തിയുടെ 4.5 ലക്ഷം രൂപ മുന്നിരിപ്പായി നിലവിലുണ്ടെങ്കിലും ആയത് ജേർണൽ വൗച്ചറിലൂടെ ക്രമീകരിച്ചിട്ടില്ല. ക്രമ നം.3 പ്രവൃത്തിയുടെ തുക 4 ലക്ഷം രൂപ ധനകാര്യ പത്രികയിലും അഡ്വാൻസ് രജിസ്റ്ററിലും മുന്നിരിപ്പായി അവശേഷിക്കുന്നില്ല. ടി പ്രവൃത്തി ഏത് വർഷത്തേത് ആണെന്നതിലും വിശദാംശങ്ങളുടെ അഭാവത്തിൽ വ്യക്തമല്ല. യഥാർത്ഥത്തിൽ തുക വിനിയോഗിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട ശീർഷകത്തിൽ ചെലവായി അക്കൗണ്ട് ചെയ്യുന്നത് ക്രമപ്രകാരമല്ല. അഡ്വാൻസ് തുക 19,325/- തിരികെ ലഭിച്ചത് നിക്ഷേപ ശീർഷകത്തിൽ വരവ് അക്കൗണ്ട് ചെയ്തത് 01/04/2022 ലെ മുന്നിരിപ്പിൽ ഇല്ലാത്തതിനാൽ Advance Register-ൽ പോസ്റ്റ് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

ക്രമ നം.2 ജേർണൽ വൗച്ചറിലൂടെ 2022-23 വർഷം ക്രമീകരിക്കാതെ പോയതിനും ക്രമ നം.3 പ്രവൃത്തിയുടെ തുക അടവാക്കൽ, ബാക്കി തുകയായ 19,325/- രൂപ ക്രമീകരണം സംബന്ധിച്ച മേൽവിവരിച്ച അപാകതകൾക്കും വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/2022-23/13-11-2023) നൽകിയതിന് രേഖാമൂലം മറുപടി ലഭിച്ചില്ല. ടി വിഷയം പരിശോധിച്ച് മറുപടി നൽകുന്നതാണ് എന്ന് ഭരണസമിതി 14/11/2023-ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചു.

ക്രമ നം.1 പ്രവൃത്തിയുടെ തിരികെ ലഭ്യമായ 62,254/- രൂപയിൽ തനത് ഫണ്ടായി ചെലവഴിച്ച 29,287/- രൂപ കിഴിച്ച് ബാക്കി 32,967/- രൂപ Prior Period ആയി സർക്കാരിലേക്ക് ഒടുക്കേണ്ടതായി ക്രമീകരിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് തിരിച്ചടവായി സർക്കാരിലേക്ക് ഒടുക്കി ട്രഷറി ചെലാൻ ഹാജരാക്കേണ്ടതാണ്. ക്രമ നം.3 പ്രവൃത്തി ഏതാണ് എന്ന് കണ്ടെത്തി Advance Register-ൽ ക്രമീകരണം നടത്തേണ്ടതാണ്. ക്രമ നം.2 വിനിയോഗം ജേർണൽ വൗച്ചറിലൂടെ ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി വിവരം ബന്ധപ്പെട്ട അനുബന്ധരേഖകളുടെ

സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

**1-41 വീട് വാസയോഗ്യമാക്കൽ - SC വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചോ എന്ന് ഉറപ്പാക്കാതെ ധനസഹായം നൽകി**

പ്രോജക്ട് - വീട് വാസയോഗ്യമാക്കൽ-എസ്.സി.പി.(150/23)
അടങ്കൽ - 15 ലക്ഷം വികസന ഫണ്ട്(SCP)
ആകെ ചെലവ് - 14 ലക്ഷം
നിർവ്വഹണം - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസിന് ധനസഹായം അനുവദിച്ച 2 ഗുണഭോക്താക്കൾക്ക് എസ്.സി. വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ്/വാർഡ് | വീട് നം. | ധനസഹായം/2022-23 ബിൽ നം. |
|---|---|---|---|
| 1. | കൃഷ്ണൻ വി. എസ്., നിഷാന്ത് ഭവൻ, വടവാതൂർ (V) | V/365 | 1 ലക്ഷം രൂപ Bill No. 221/17-01-2023 (100,000/-) |
| 2. | സുരേഷ് റ്റി. എസ്., മഠത്തിൽ പറമ്പിൽ, പാറമ്പുഴ (IV) | IV/172 | 1 ലക്ഷം രൂപ Bill No.239/30-01-2023 (25,000/-) Bill No.275/17-02-2023 (75,000/-) |

21/02/2023 ലെ സ.ഉ.(സാധാ)നം.440/2023/LSGD പ്രകാരം കഴിഞ്ഞ 3 വർഷത്തിൽ സർക്കാരിൽ നിന്ന് വീട് മെയിന്റനൻസിന് ധനസഹായം ലഭ്യമായിട്ടില്ല എന്ന് ഉറപ്പാക്കി മാത്രമേ അനുവദിക്കാൻ പാടുള്ളൂ. വകുപ്പുതലത്തിൽ ധനസഹായം ലഭിച്ചിരുന്നോ എന്ന് ഉറപ്പാക്കാതെയാണ് മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസിന് ധനസഹായം നൽകിയത് എന്ന് കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.31/2022-23 /13-11-2023) നൽകിയതിന് ടി ഗുണഭോക്താക്കൾക്ക് വകുപ്പ് തലത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് പ്രോജക്ട് സമയത്ത് ലഭ്യമാക്കാത്തതിനാൽ തുടർ മറുപടിയിൽ ഹാജരാക്കുമെന്ന് അറിയിച്ചു.

മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് 2022-23 വർഷത്തിലോ അതിനു മുൻപുള്ള 3 വർഷ കാലയളവിലോ എസ്.സി. വകുപ്പിൽ നിന്നും വീട് മെയിന്റനൻസിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന പള്ളം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ (SC Development Office, Pallom) സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ ടി പ്രോജക്ടിലെ മേൽ പട്ടികയിൽ പറയുന്ന 3 ബില്ലുകൾ പ്രകാരമുള്ള 200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-42 വീട് മെയിന്റനൻസ് പ്രോജക്ടുകൾ-അനുബന്ധ രേഖകളിലെ അപാകതകളും അവ്യക്തതകളും**

2022-23 വർഷം വീട് മെയിന്റനൻസിനായി പുതിയ പ്രോജക്ടുകൾ രണ്ട് എണ്ണവും (പ്രോജക്ട് നം.6/23, 150/23) സ്പിൽ ഓവർ പ്രോജക്ടുകൾ 5 എണ്ണവുമാണ് (പ്രോജക്ട് നം.42/23, 39/23, 40/23, 37/23, 45/23) വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയത്. തൻവർഷ പ്രോജക്ടുകളിൽ 91 ഗുണഭോക്താക്കൾക്കും സ്പിൽ ഓവർ പ്രോജക്ടുകളിൽ 19 ഗുണഭോക്താക്കൾക്കും ധനസഹായവും നൽകി. വീട് മെയിന്റനൻസ് പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ/

അനുബന്ധ രേഖകളുടെ അഭാവം നിലനിൽക്കുന്നതായി കാണുന്നു.

1. ഗുണഭോക്താവ് സമർപ്പിക്കേണ്ട വീട് മെയിന്റനൻസ് പ്രവൃത്തിയുടെ റഫ് എസ്റ്റിമേറ്റ് ഭൂരിഭാഗം ഫയലിലും സൂക്ഷിച്ചിട്ടില്ല. എസ്.സി. വിഭാഗത്തിനുള്ള വീട് മെയിന്റനൻസ് ഫയലുകളിൽ മാത്രമാണ് വിശദമായ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുള്ളത്.
2. വീട് മെയിന്റനൻസ് പൂർത്തിയാക്കിയതിന്റെ വിവരം വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ മോണിറ്ററിങ്ങ് റിപ്പോർട്ട് ഭൂരിഭാഗം ഫയലിലും ഇല്ല.
3. എൽ.എസ്.ജി.ഡി. വിഭാഗം നൽകുന്ന ഭൂരിഭാഗം വാല്യുവേഷൻ റിപ്പോർട്ടിലും ഏതെല്ലാം മെയിന്റനൻസ് പ്രവൃത്തിയാണ് നടത്തിയത് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാല്യുവേഷൻ മൂല്യം മാത്രം ചേർക്കുന്നു. വീടിന്റെ നമ്പറും വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ ചേർക്കുന്നില്ല.
4. വീട് മെയിന്റനൻസിന് ധനസഹായം അനുവദിക്കുന്നത് ഓൺലൈനായി വസ്തുനികുതി ഡേറ്റാബേസിൽ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്നതിന് സംവിധാനമില്ല. അപ്രകാരം സ്റ്റാറ്റസ് അപ്ഡേഷൻ ചെയ്യുന്ന സാഹചര്യത്തിൽ ധനസഹായത്തിന് അർഹത നിശ്ചയിക്കുന്നതിന് ഓൺലൈൻ ഡേറ്റാബേസ് ഉപയോഗിക്കാൻ സാധിക്കും.

മേൽ അപാകതകൾ പരിഹരിച്ച് തുടർവർഷം മുതൽ വീട് മെയിന്റനൻസ് പ്രോജക്ടുകൾ നടപ്പാക്കാൻ നിർവ്വഹണ ഉദ്യോസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ക്രമ നം.4 വിഷയം സംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ ക്രമീകരണം നടത്തി ഡേറ്റ കാലികമാക്കൽ നടപടി സ്വീകരിക്കുന്നതിന് IKM-ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-43 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ലഭ്യമായിട്ടില്ല

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിച്ച 312500 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 149/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 312500(വികസന ഫണ്ട്)<br>312500(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ബിൽ നമ്പർ 19/22-23/17.03.23 /312500/- |

312500 രൂപ ഓഫീസ് ഓഫ് ദ അസ്സിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം എന്ന പേരിൽ കൊടുത്തിട്ടുള്ളതാണ് (അക്കൗണ്ട് നമ്പർ 70801140000050). പദ്ധതി പൂർത്തീകരിച്ച് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-44 കൊലകൊമ്പ് കുടിവെള്ള പുനരുദ്ധാരണ പദ്ധതി-ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൊലകൊമ്പ് കുടിവെള്ള പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 327/23 |
| അടങ്കൽ | 243063 (എസ്.സി.പി ഫണ്ട്)<br>106937 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ആകെ | 350000 |

| | |
|---|---|
| ചെലവ് | 99656 (എസ്.സി.പി ഫണ്ട്)<br>ബിൽ നം.403/22-23/27.03.23 |

സുലേഖ പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊലകൊമ്പ് കുടിവെള്ള പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 99656/- രൂപ ചെലവഴിച്ചതായി കാണുന്നു. പദ്ധതി നടത്തിപ്പിന്റെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ടി പദ്ധതിക്കായി ചെലവഴിച്ച 99656/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ ടാക്സ് ഇൻവോയ്സ് പ്രകാരം രണ്ട് തവണ തുക നൽകിയിരിക്കുന്നു

പി.എച്ച്.സി പാറാമ്പുഴയിലെ ഇൻവേർട്ടർ തകരാറിലായത് നന്നാക്കുന്നതുമായി ബന്ധപ്പെട്ട ലോഡ് സെഗ്രഗേഷൻ വർക്കുകൾ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും (പഞ്ചായത്ത് കമ്മറ്റിയുടെ 24.08.22 ലെ 1(8) നമ്പർ തീരുമാന പ്രകാരം) കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എസ്.എ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (14986 രൂപ) അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതു സംബന്ധിച്ച എസ്.എ എനർജി സൊല്യൂഷന്റെ 17.10.22 തീയതിയിലെ 30 നമ്പർ ടാക്സ് ഇൻവോയ്സിന്മേൽ 14986 രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (വൗച്ചർ നം 22200925 തീയതി 03.11.22, ചെക്ക് നം 635670). എന്നാൽ തുടർന്നുള്ള വൗച്ചറുകളുടെ പരിശോധനയിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 36928702171 നമ്പർ അക്കൗണ്ടിൽ നിന്ന് 635693 നമ്പർ ചെക്ക് മുഖേന എസ്.എ എനർജി സൊല്യൂഷന്റെ 263605000537 അക്കൗണ്ടിലേക്ക് (വൗച്ചർ വിശദാംശങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) ഇതേ ടാക്സ് ഇൻവോയ്സിന്മേൽ വീണ്ടും 14986 രൂപ നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ഒരേ പ്രവൃത്തിക്ക് ഒരേ ടാക്സ് ഇൻവോയ്സ് പ്രകാരം രണ്ട് തവണ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/13-11-22) എസ്.എ എനർജി സൊല്യൂഷന് പ്രവൃത്തി പൂർത്തിയായപ്പോൾ തന്നെ തുക നൽകിയതായിരുന്നുവെന്നും മെഡിക്കൽ ഓഫീസർ കത്ത് മുഖേന വീണ്ടും ഇൻവോയിസ് സമർപ്പിച്ചതിനാലാണ് ഒരിക്കൽ കൂടി തുക നൽകിയതെന്നും അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ 14986 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വിവിധ ക്ലെയിമുകളുടെ ആധികാരികത പരിശോധിക്കാത്തതിനാലുമാണ് ഇപ്രകാരമുള്ള അപാകതകൾ സംഭവിക്കുന്നത്. ഇത്തരം അപാകത ഒഴിവാക്കേണ്ടതും അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 04/11/2023, 06/11/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23)

അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബ്ലോക്ക് വിഹിതത്തിന്റെ ചെലവ് വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 300,000/- | ഭിന്നശേഷിവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (159/23) | 300,000/- | 0 |
| | **300,000/-** | **ആകെ ബ്ലോക്ക് വിഹിതം** | **300,000/-** | **0** |

ബ്ലോക്ക് വിഹിതം ചെലവഴിച്ചത് പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB Ltd., ഭൂജല വകുപ്പ്(Ground Water Department-GWD) എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പോസ്റ്റ് ഷിഫ്റ്റിങ്ങ് ഇലക്ട്രിക് മീറ്റർ സ്ഥാപിക്കൽ (282/23) | 60,023/- | 60,023/- | ഇല്ല |
| | ആകെ KSEB Ltd.-ൽ | 60,023/- | 60,023/- | - |
| ഭൂജല വകുപ്പ് (GWD) | ലൈഫ് ഭവന സമുച്ചയം-കുടിവെള്ള പദ്ധതി വാർഡ്-17 (27/23) | 2,300,400/- | ഇല്ല | 2,300,400/- |
| | ആകെ GWD-ൽ | 2,300,400/- | - | 2,300,400/- |
| **ഒട്ടാകെ** | | **2,360,423/-** | **60,023/-** | **2,300,400/-** |

KSEB-യിൽ നിക്ഷേപിച്ച 60,023/- രൂപയും ആയതിന്റെ ക്രമീകരണവും 460500202 ശീർഷകത്തിൽ

അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. 12/06/2023-തീയതിയിലെ AE/DB/57/UTILITYCERTIFICATE/28 നം. വിനിയോഗ സാക്ഷ്യപത്രം 2022-23 വർഷം തന്നെ ക്രമീകരിച്ചതായാണ് അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. നിക്ഷേപ തുക അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന വർഷം മാത്രം ക്രമീകരിക്കുകയും ചെയ്യേണ്ടതായിരുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. GWD-യിലെ 27/23 നം. പ്രോജക്ട് പ്രകാരമുള്ള നിക്ഷേപത്തിൽ 23 ലക്ഷം രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത്. ബാക്കി 400/- രൂപ നിക്ഷേപ ശീർഷകത്തിൽ (460500204) അക്കൗണ്ട് ചെയ്തിട്ടില്ല. 400/- രൂപയുടെ അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

കൂടാതെ GWD യിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 4 ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം (GWK/703/ 2023/24-03-2023) ലഭിച്ചത് തൻവർഷം ക്രമീകരിച്ചു. കേരള വാട്ടർ അതോറിറ്റിയിലെ മുൻവർഷ നിക്ഷേപങ്ങളിൽ ചെലവഴിക്കാത്ത 81,579/- രൂപ 09/05/2022 ലെ AB3/5413/93-UC പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയില്ല. 2022-23 പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചിട്ടില്ല. വികസന ഫണ്ട് രണ്ടാം ഗഡു അലോട്ട്മെന്റ് 12/10/2022 ലെ സ.ഉ.(സാധാ) നം.6872/2022/ധന ഉത്തരവ് പ്രകാരം 20,925/- രൂപയും മൂന്നാം ഗഡു 13/02/2023 ലെ സ.ഉ.(സാധാ) നം.1049/2023/ധന ഉത്തരവ് പ്രകാരം 20,924/- രൂപയും ഉൾപ്പെടെ ആകെ 41,849/- രൂപ വികസന ഫണ്ട് (SCSP) യിൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്തു. വായ്പ ബാധ്യതയില്ലാത്ത പഞ്ചായത്തിന്റെ അലോട്ട്മെന്റിൽ കുറവ് ചെയ്തത് തദ്ദേശ ഭരണ ജോയിന്റ് ഡയറക്ടർ മുഖേന ഉചിതമാർഗ്ഗേണ സർക്കാരിൽ അറിയിച്ച് അലോട്ട്മെന്റ് തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ സംക്ഷിപ്ത വിവരം Fixed Deposit രജിസ്റ്റർ, FD രസീത് എന്നിവ പ്രകാരമുള്ളത് ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| തൻവർഷം ലഭിച്ച തുക(പലിശ) | 1,467,725/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,467,725/- |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000,000/- |

ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് കോട്ടയം സബ് ട്രഷറിയിൽ രണ്ട് സ്ഥിരനിക്ഷേപങ്ങളാണുള്ളത്. ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ വിവരവും 2022-23 പലിശ കണക്കുകളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2022 മുന്നിരിപ്പ് | 2022-23 പലിശ | 2022-23 പിൻവലിച്ചത് | 31/03/2023 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | 799010502351597 | 5.9 % | 10,000,000/- | 587,090/- | 587,090/- | 10,000,000/- |
| 2. | 799010502351626 | 5.9 % | 15,000,000/- | 880,635/- | 880,635/- | 15,000,000/- |
| **ആകെ നിക്ഷേപം** | | | **25,000,000/-** | **1,467,725/-** | **1,467,725/-** | **25,000,000/-** |

സ്ഥിരനിക്ഷേപങ്ങളുടെ പലിശ 799010100214978 നം. ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലാണ് മാസം

തോറും ക്രെഡിറ്റ് ചെയ്യുന്നത്. 1,467,725/- രൂപ സ്ഥിരനിക്ഷേപ പലിശയും ആയത് സൂക്ഷിക്കുന്ന സേവിങ്ങ്സ് അക്കൗണ്ടിലെ പലിശ 65,614/- രൂപയും ഉൾപ്പെടെ ടി അക്കൗണ്ടിലെ 2022-23 വർഷത്തെ ആകെ വരവ് 1,533,339/- രൂപ 170100101-Interest On Fixed Deposits ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. സ്ഥിര നിക്ഷേപ പലിശ മാത്രം 170100101 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാനും പലിശ സൂക്ഷിക്കുന്ന സേവിങ്ങ്സ് അക്കൗണ്ടിന്റെ പലിശ 171100101-Interest From Bank Accounts ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്ഥിര നിക്ഷേപ പലിശയ്ക്ക് TDS (Tax Deduction At Source) ആയി തൻവർഷം 146,788/- രൂപ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന്റെ ചെലവുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2-1, 2-2-8 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2-3-1, 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-4-1,2, 3,4,5,6,7 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2021-22 | 1-16 | 2019-20 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 99,147,159/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 59,824,517/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 117,884,635/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 120,576,948/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14,986/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,124,094/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 14,986/- | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| ആകെ | - | 14,986/- | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 600,231 | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-26 | 578,080 | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-28 | 2,300,400 | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-29 | 100,000 | രതീഷ് പി. ആർ., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-31 | 117,810 | വിനു മാത്യൂസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 143,175 | വിനു മാത്യൂസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 1,672,242 | രശ്മി എസ്. കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 200,000 | രതീഷ് പി. ആർ., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-43 | 312,500 | ഡോ. സോജ, സീനിയർ വെറ്ററിനറി സർജൻ |
| 1-44 | 99,656 | വിനു മാത്യൂസ്, അസിസ്റ്റന്റ് സെക്രട്ടറി |

| ആകെ | 6,124,094 | |
|---|---|---|

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം.1-14, 1-15, 1-16, 1-17

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി | സെക്രട്ടറി, വിജയപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല | താഴത്തേടത്ത്, പൂഞ്ഞാർ (പി.ഒ), കോട്ടയം - 686581. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/11/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 & 1991-92 | എൽ.എഫ്.കെ.പി3-809/1995 /05-01-1996 | - |
| 1998-99 (ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ /2014/28-11-2014 | 4 |
| 1999-00 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)/53(3)/2018/19-02-2018 | 22 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി12-1949(4)/2019/13-07-2020 | 1 |
| 2000-01 & 2001-02(Plan) | കെ.എസ്.എ-കെ.ടി.എം.പി12-1949(4)/2019/13-07-2020 | - |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി12-1949(5)/2019/13-07-2020 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(4)/2022/26-08-2022 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(6)/2022/26-08-2022 | 1 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(7)/2022/26-08-2022 | 3 |
| 2011-12 | എൽ.എഫ്.കെ.പി11-957/2013 | 19 |

| | | |
|---|---|---|
| | /10-02-2014 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(8)/2022/26-08-2022 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(9)/2022/26-08-2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(10)/2022/26-08-2022 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1476/2017/23-12-2017 | 21 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1117/2017/30-06-2020 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/100(1)/2022/26-08-2022 | 12 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി12/100(2)/2022/06-09-2022 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി12/493/2022/26-07-2022 | 25 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി12/551/2022/03-11-2022 | 37 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി12/2430/2022/18-04-2023 | 20 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vijayapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vijayapuram Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vijayapuram Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated
2. Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of curent year are not available
3. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023

**2.Other Observations**

1. Assets Generated during current year-detailed project wise and fundwise data not provided

2. Capital Work in Progress accounting and adjustment details not provided.
3. Accumulated Depreciation of Roads and Bridges exceeded asset value
4. Government and other dues register not maintained
5. Professon Tax (Institution, Professionals, Traders) demand value has not calculated and certified by the Secretary
6. The adjustment of advance accrual income received for the year has not posted and certified in corresponding demand registers.
7. Advance amount deposited in KSEB has not accounted in Deposit head of account
8. Beneficiay Contribution payment in AFS does not match with expenditure statement figures.
9. Two social security pensions (old age pension and agriculture labour pension) are not accounted as expenditure in AFS.
10. Prior Period expenditure details are not provided as notes on account by the Secretary.
11. Advance amount received accounted as negative in R&P statement.
12. Honararium for the month of March-2023 of Elected Representatives are not accounted in payable head of account during 2022-23.
13. Directly utilised beneficiary contribution of projects are not accounted as expenditure.
14. Accrual accounting of contingent expenditures for the year done in single liability account head even though proper accounting heads are available.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

**അനുബന്ധം–2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2022–2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021–ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്